VOL NO: 04 | ISSUE 26
www.nerpatham.com
mail@nerpatham.com

2020 JUNE 27 | ₹12

# നേർപഥം
## വാരിക



# കടലിലെ അത്ഭുതങ്ങളും കുർആൻ നൽകുന്ന വെളിച്ചവും

ആഴിയുടെ ആഴങ്ങൾ അമ്പരപ്പിക്കുന്നതാണ്. സ്രഷ്ടാവിന്റെ അമൂല്യമായ സൃഷ്ടികളാൽ സമ്പന്നമായ സമുദ്രത്തെ കുറിച്ചുള്ള ഓരോ അറിവും സൃഷ്ടികർത്താവിന്റെ സൃഷ്ടിപ്പിനെ അടുത്തറിയാനും ദൃഢവിശ്വാസത്തിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കാനും നിമിത്തമാകും. സൃഷ്ടിവൈഭവത്തിലെ മഹത്ത്വങ്ങൾ മനസ്സിലാക്കി സ്രഷ്ടാവിനെ അറിയാനുള്ള പഠനപരമ്പരയുടെ ആദ്യ ഭാഗം.

**മനുഷ്യമഹത്ത്വത്തിന്റെ 'ത്രിമാനങ്ങൾ'**
**പരിണാമവഴിയിലെ പ്രതിരോധ പരീക്ഷണങ്ങൾ**
**അന്ധവിശ്വാസങ്ങൾക്ക് കുടപിടിക്കുന്നുവോ?**

## അതിർത്തികളിൽ ചോര ചിന്തുമ്പോൾ

അതിർത്തി പ്രദേശങ്ങൾ അശാന്തമാണ്. സ്വന്തം ജനതയുടെ പട്ടിണിയും ദുരിതങ്ങളും മാറ്റാൻ സമയവും ധനവും ചെലവഴിക്കാൻ തയ്യാറാകാത്ത രാജ്യങ്ങൾ അയൽരാജ്യങ്ങളുടെ അതിർത്തിപ്രദേശങ്ങൾ വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്നതിലെ രാഷ്ട്രീയം തിരിച്ചറിയണം. യുദ്ധം ആർക്കും ഗുണകരമല്ല. അയൽരാജ്യങ്ങളുമായി സൗഹാർദാന്തരീക്ഷമുണ്ടാകണം.

جـــامعة الـــهند الإســـلامية
JAMIA ALHIND AL ISLAMIYA

# നിങ്ങളുടെ കുട്ടികളെ നീതിബോധത്തിന്റെ വിശുദ്ധി അറിഞ്ഞു വളർത്തുക

## 2020-21
## രജിസ്ട്രേഷൻ പുനരാരംഭിച്ചു



- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശം

രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി:
**ജൂൺ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n
READ. LEARN. EVOLVE

+91 8089999597    schoolofquran.in    SchoolOfQuranJamia

നേർപഥം
വാരിക
നേർപഥം വാരിക / 0180 / 2020 ജൂൺ 27/ 1441 ദുൽക്വഅദ് 06 / പുസ്തകം 04 / ലക്കം 26



# കടലിലെ അത്ഭുതങ്ങളും ക്വുർആൻ നൽകുന്ന വെളിച്ചവും

ഡോ.സബീൽ പട്ടാമ്പി / 10

**മുഖമൊഴി**

അതിർത്തികളിൽ ചോര ചിന്തുമ്പോൾ... / 05

**ക്വുർആൻ പാഠം**

ജീവിതത്തെ ക്രിയാത്മകമാക്കുക / 09
അബൂഅമീൻ

**ലേഖനം**

ക്വുർആൻ പാരായണവും കേൾവിയും: ഒരു ശാസ്ത്രീയ സമീപനം / 06
ഷമീർ മരക്കാർ നദ്‌വി

മൗനം ദീക്ഷിക്കൽ / 15
അബ്ദുൽ ജബ്ബാർ മദീനി

മനുഷ്യമഹത്ത്വത്തിന്റെ 'ത്രിമാനങ്ങൾ' / 17
പി.എൻ. അബ്ദുല്ലത്വീഫ് മദനി

പരിണാമവഴിയിലെ പ്രതിരോധ പരീക്ഷണങ്ങൾ / 20
അലി ചെമ്മാട്

'ദക്ഷിണ'യും അന്ധവിശ്വാസങ്ങൾക്ക് കുടപിടിക്കുന്നുവോ? / 25
ശമീർ മദീനി

ഇസ്‌ലാമിന്റെ സവിശേഷതകൾ / 29
മുഹമ്മദ് സ്വാദിഖ് മദീനി

**കാഴ്ച**

പൂക്കാൻ മടിക്കാത്ത ചില്ലകൾ / 34
ഇബ്നു അലി എടത്തനാട്ടുകര

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. വായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# ക്ഷമയുടെ അനിവാര്യത

ലക്കം 178ൽ അബ്ദുൽ ജബ്ബാർ മദീനി എഴുതിയ ക്ഷമയെക്കുറിച്ചുള്ള ലേഖനം വായിച്ചു. വിശദമായും വ്യക്തമായും ലളിതമായ രൂപത്തിൽ അദ്ദേഹം വിഷയം അവതരിപ്പിച്ചിട്ടുണ്ട്.

അറിവുള്ളവരെ വിവേകമുള്ളവരാക്കുന്ന സ്വഭാവഗുണമാണ് ക്ഷമ എന്നത്. ഏതു ഘട്ടത്തിലായാലും വിശ്വാസികൾ ക്ഷമയുള്ളവരാകണം. അതിനാണ് അല്ലാഹു കൽപിക്കുന്നത്.

“സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും, പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം” (ക്വുർആൻ 3:200).

അല്ലാഹുവിന്റെ മതത്തിൽ നിലകൊള്ളുന്ന അവസ്ഥയിൽ മുസ്‌ലിംകളായി മരിക്കുന്നത് വരെയും സന്തോഷത്തിലും സങ്കടത്തിലും പ്രയാസത്തിലും പ്രതീക്ഷയിലും ക്ഷമ ഒഴിവാക്കാൻ പാടില്ലെന്നാണ് ഇതിന്റെ വിവക്ഷ. ക്ഷമിക്കാനും പരസ്പരം ക്ഷമ ഉപദേശിക്കാനും തയ്യാറായവർക്ക് മാത്രമെ ഇഹത്തിലെ നഷ്ടത്തിൽ നിന്നുപോലും രക്ഷ പ്രാപിക്കാനാവൂ എന്ന് ക്വുർആൻ അറിയിക്കുന്നു.

“പുറമെ, വിശ്വസിക്കുകയും ക്ഷമകൊണ്ടും കാരുണ്യംകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക” (ക്വുർആൻ 90:17,18)

“സത്യവിശ്വാസികളേ, നിങ്ങൾ സഹനവും നമസ്‌കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു” (2:153)

ഇതിന്റെ വിശദീകരണത്തിൽ ഹാഫിദ് ഇബ്‌നു കഥീർ(റഹി) പറയുന്നു: ‘ക്ഷമ മൂന്ന് വിധമാണ്. തിൻമകളും നിഷിദ്ധമായ കാര്യങ്ങളും ഒഴിവാക്കുന്നതിന്റെമേൽ ക്ഷമിക്കുക. അല്ലാഹുവിനെ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന്റെമേൽ ക്ഷമിക്കുക. വിപത്തുകളുടെയും പരീക്ഷണങ്ങളുടെയുംമേൽ ക്ഷമിക്കുക എന്നിവയാണവ” (ഇബ്‌നു കഥീർ 1/224).

തിൻമകളും നിഷിധമായ കാര്യങ്ങളും ഒഴിവാക്കുന്നതിൽ ക്ഷമിക്കുക എന്നാൽ തന്നിഷ്ടങ്ങളുടെ അടിമകളാക്കാതിരിക്കുക എന്നാണ് അർഥം. അതാണല്ലോ മതവിജ്ഞാനം നേടുന്നതിന് അധിക പേർക്കും തടസ്സമാകുന്നത്.

“പറയുക: വിശ്വസിച്ചവരായ എന്റെ ദാസൻമാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവിതത്തിൽ നൻമ പ്രവർത്തിച്ചവർക്കാണ് സൽഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്” (ക്വുർആൻ 39:10).

ലഭിച്ച അറിവനുസരിച്ച് കർമങ്ങൾ ചെയ്ത് ജീവിക്കുമ്പോൾ പലവിധ പരീക്ഷണങ്ങളും സഹിക്കേണ്ടി വരും. അവയ്ക്കുമുന്നിൽ പതറാതെ ഉറച്ചുനിൽക്കണം. മാനസികവും ശാരീരികവും കുടുംബപരവും സാമൂഹികവുമായി ഏൽക്കേണ്ടിവരുന്ന പരീക്ഷണങ്ങളിൽ വലിച്ചെറിയാനുള്ളതല്ലല്ലോ ഇസ്‌ലാം നമുക്ക് നൽകിയ അറിവ്.

**-ഷെമിൻ അബ്ദുല്ല**

### ലേഖകരുടെ ശ്രദ്ധയ്ക്ക്

‘നേർപഥ’ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# അതിർത്തികളിൽ ചോര ചിന്തുമ്പോൾ...

**ലോ**കം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാം രംഗങ്ങളിലും മാറ്റങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നു. പുരാതന സമൂഹങ്ങളെ അപരിഷ്‌കൃതരെന്നു മുദ്രകുത്തുകയും ആധുനികലോകത്തെ പരിഷ്‌കൃതർ എന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന ചില സംഭവങ്ങൾ കാണുമ്പോൾ മനുഷ്യൻ മൃഗത്തെക്കാൾ അധഃപതിക്കുന്നതിനെയാണോ പരിഷ്‌കാരം എന്ന് വിശേഷിപ്പിക്കുന്നത് എന്നു ചിന്തിച്ചുപോവുകയാണ്. തൊലികറുത്തതിന്റെ പേരിൽ, 'താഴ്ന്ന ജാതി'ക്കാരൻ ആയതിന്റെ പേരിൽ, ഗോമാംസം തിന്നതിന്റെ പേരിൽ... അങ്ങനെയങ്ങനെ അർഥശൂന്യമായ കാരണങ്ങളാൽ മനുഷ്യർ കൊല്ലപ്പെടുന്നു! മിക്ക രാജ്യങ്ങളുടെയും അതിർത്തി പ്രദേശങ്ങൾ അശാന്തമാണ്. സ്വന്തം ജനതയുടെ പട്ടിണിയും ദുരിതങ്ങളും മാറ്റാൻ സമയവും ധനവും ചെലവഴിക്കാൻ തയ്യാറാകാത്ത രാജ്യങ്ങൾ അയൽരാജ്യങ്ങളുടെ അതിർത്തിപ്രദേശങ്ങൾ വെട്ടിപ്പിടിച്ച് സ്വന്തം രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിക്കാൻ ശ്രമിക്കുന്നു. അതിനായി ചോരപ്പുഴ തീർക്കുന്നു.

പാക്കിസ്ഥാൻ, നേപ്പാൾ, ചൈന എന്നീ അയൽരാജ്യങ്ങൾ ഇന്ത്യയുടെ മണ്ണിൽ കണ്ണുവച്ച് അതിർത്തികളിൽ അശാന്തി പരത്തിക്കൊണ്ടിരിക്കുകയാണ്. സമാധാന ചർച്ചക്ക് തൊട്ടുപുറകെ കിഴക്കൻ ലഡാക്കിൽ നിയന്ത്രണരേഖയോടു ചേർന്ന ഗൽവാൻ താഴ്‌വരയിൽ ചൈനയുടെയും ഇന്ത്യയുടെയും സൈന്യങ്ങൾ തമ്മിൽ ഏറ്റുമുട്ടൽ നടന്നിരിക്കുകയാണ്. ഇന്ത്യയുടെ 20 ധീര ജവാൻമാർ വീരമൃത്യു വരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മറുഭാഗത്തും ആളപായം ഉണ്ടായതായാണ് വാർത്ത. ചൈന മനഃപൂർവം പ്രകോപനമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

യുദ്ധം ഒരിക്കലും ഒരു രാജ്യത്തിനും ഗുണകരമാകില്ല. മറ്റൊരു രാജ്യത്തെയോ രാജ്യത്തിന്റെ ഏതാനും ഭാഗമോ വെട്ടിപ്പിടിച്ച് സ്വന്തമാക്കാൻ ഒരു രാജ്യത്തിനു കഴിഞ്ഞേക്കാം. എന്നാൽ കാലാകാലം അതിന്റെ ഭവിഷത്ത് ആ രാജ്യം അനുഭവിക്കേണ്ടിവരും. അസമാധാനവും രക്തച്ചൊരിച്ചിലും തുടർന്നുകൊണ്ടേയിരിക്കും.

ചൈനയും ഇന്ത്യയും തമ്മിൽ 1975നു ശേഷമുണ്ടാകുന്ന ഏറ്റവും വലിയ ഉരസലാണിതെന്നാണ് വിലയിരുത്തപ്പെടുന്നത്. എന്തായാലും 1975നു ശേഷം, ഇക്കാലം വരെ അയൽക്കാർ തമ്മിൽ ഒരു വെടിയുണ്ട പോലും പ്രയോഗിക്കാതെയാണ് കഴിഞ്ഞുകൂടിയിരുന്നത് എന്നതാണ് ആശ്വാസകരമായ കാര്യം. എന്നാൽ, അതിപ്പോൾ മാറിയിരിക്കുന്നു.

ഇന്ത്യയെ ആക്രമിക്കുന്നതിൽ അമിതമായ ആത്മവിശ്വാസം ചൈനക്ക് ഉള്ളതായി കാണുന്നു. തങ്ങളുടെ ശക്തിയിൽ അഹങ്കരിക്കുന്ന ചൈനക്ക് വാസ്തവത്തിൽ ഇന്ത്യയുമായി യുദ്ധംചെയ്ത് വിജയിക്കാൻ കഴിയില്ലെന്നാണ് നിരീക്ഷകരുടെ വിലയിരുത്തൽ.

ചൈനീസ് സേനയുടെ നല്ലൊരു ശതമാനവും സ്വന്തം രാജ്യത്തിനകത്ത് പൗരമാരെ അടിച്ചമർത്തുന്ന ജോലിയിലാണ്. ആഭ്യന്തരമായ അസ്വസ്ഥതകൾ നേരിടാൻ വിനിയോഗിക്കപ്പെട്ട സേന അതിർത്തിയിലേക്ക് നീങ്ങിയാൽ ചൈനക്കകത്ത് പലയിടത്തും കലാപമുണ്ടാകും. ടിബറ്റിലെ അറുപത് ലക്ഷം പേർ നോക്കിയിരിക്കില്ല എന്ന് ടിബറ്റൻ ആക്റ്റിവിസ്റ്റായ ടെൻസിൻ സുണ്ടു പറഞ്ഞത് ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

ഒരു യുദ്ധം ചൈനക്കും ഇന്ത്യക്കും ഗുണകരമല്ല. ലോകത്ത് ഒരു രാജ്യവും മറ്റൊരു രാജ്യത്തിന് ഭീഷണിയാകരുത്. അയൽരാജ്യങ്ങളുമായി സൗഹാർദാന്തരീക്ഷമുണ്ടാകണം. എല്ലാ ഭരണാധികാരികൾക്കും നല്ല ബുദ്ധി തോന്നട്ടെ എന്ന് പ്രാർഥിക്കാം.

ഷമീർ മരക്കാർ നദ്‌വി
shameerbalussery@gmail.com





# ക്വുർആൻ പാരായണവും കേൾവിയും: ഒരു ശാസ്ത്രീയ സമീപനം

വിശുദ്ധ ക്വുർആൻ ശ്രവിക്കപ്പെടുന്ന ഗ്രന്ഥമാണ്. നൂറ്റാണ്ടുകളുടെ വഴിയിലൂടെ, വ്യത്യസ്ത തലമുറകളിലൂടെ അത് കൈമാറ്റം ചെയ്യപ്പെട്ടു. ഈ അത്ഭുത സഞ്ചാരം മാനവിക ചരിത്രത്തിൽ അത്യുന്നത നാഗരികതകളുടെ വളർച്ചക്ക് കാരണമായി. മാനവിക സമൂഹം വിശുദ്ധ ക്വുർആൻ ശ്രദ്ധിച്ച് കേൾക്കാൻ തുടങ്ങിയപ്പോൾ അവരിൽ പരിവർത്തനമുണ്ടായി. അന്ധകാരത്തിന്റെ ആഴങ്ങളിൽ നിന്ന് പ്രകാശത്തിന്റെ ഗോപുരങ്ങളിലേക്ക് അവർ ഉയർത്തപ്പെട്ടു. കിഴക്കും പടിഞ്ഞാറും ഈ അമാനുഷിക ശബ്ദം കീഴടക്കി. മനുഷ്യ- ജിന്നുവർഗങ്ങളിൽനിന്ന് അല്ലാഹു ഉദ്ദേശിച്ചവർ പരിവർത്തനത്തിന്റെ ഈ പുതിയ പാത തെരഞ്ഞെടുത്തു. പ്രപഞ്ച സ്രഷ്ടാവിന്റെ സുന്ദരവചനങ്ങൾ കേൾക്കാതെപോയവർ നഷ്ടത്തിന്റെ കയങ്ങളിൽ ഞെരിഞ്ഞമർന്നു.

ജിന്നു സമൂഹം വിശുദ്ധ ക്വുർആൻ പാരായണം ശ്രദ്ധിച്ച് കേട്ട ഒരു സംഭവം അല്ലാഹു സൂറതുൽ ജിന്നിലൂടെ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ക്വുർആൻ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ക്വുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു. അത് സൻമാർഗത്തിലേക്ക് വഴികാണിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. മേലിൽ ഞങ്ങളുടെ രക്ഷിതാവിനോട് ആരെയും ഞങ്ങൾ പങ്കുചേർക്കുകയേ ഇല്ല" (72:1,2).

മഹാപാപമായ അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ ജീവിതത്തിൽ നിന്നും ഒഴിവാക്കാൻ ജിന്ന് സമൂഹത്തിന് സഹായകമായത് അവർ വിശുദ്ധ ക്വുർആൻ ശ്രദ്ധാപൂർവം കേട്ടു എന്നതാണ്. ഇവിടെ കേൾക്കൽ എന്നതിന് ക്വുർആൻ ഉപയോഗിച്ച പദം 'ഇസ്തിമാഅ്' എന്നതാണ്. അറബി ഭാഷയിൽ കേൾക്കൽ എന്നതിന് 'സിമാഅ്' എന്ന പദമാണ് ഉപയോഗിക്കാറുള്ളത്. എന്നാൽ ക്വുർആൻ പാരായണം ശ്രവിക്കുന്നതുമായി ബന്ധപ്പെട്ട് പറയുമ്പോൾ സിമാഅ് എന്ന പദത്തെക്കാൾ ആഴമേറിയ 'ഇസ്തിമാഅ്' എന്ന പദമാണ് ഉപയോഗിക്കാറുള്ളത്. എന്താണ് സിമാഅ്, ഇസ്തിമാഅ് എന്നിവ തമ്മിലുള്ള വ്യത്യാസമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

സിമാഅ് എന്നത് വെറും കേൾക്കൽ മാത്രമാണ്. ശബ്ദ തരംഗങ്ങൾ സ്വീകരിക്കുന്ന ഇന്ദ്രിയമായ ചെവിയിൽ മാത്രം പരിമിതമാവുന്ന പ്രവർത്തനം. അത് ജൈവപരമായ പ്രക്രിയ എന്നതിൽ മാത്രം പരിമിതപ്പെടുന്നു. കേൾക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയോ മനസ്സിൽ അത് സ്വാധീനിക്കുകയോ ചെയ്തെന്ന് വരില്ല. മനുഷ്യപ്രകൃതത്തിൽ ഉൾക്കൊള്ളുന്ന ഒരു ശേഷി എന്നതിൽ കവിഞ്ഞ് ആ കേൾവിയുടെ ഫലമായി പഠന, മനന പ്രവർത്തനങ്ങൾ നടക്കുക എന്നത് വിരളമാണ്.

'ഇസ്തിമാഅ്' എന്നത് സാങ്കേതികമായി ഉന്നതമായ ഒരു കഴിവാണ്. മനസ്സാന്നിധ്യത്തോടെയും ചിന്താ പ്രക്രിയയിലൂടെയും കേൾക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ മനസ്സും ബുദ്ധിയും ശബ്ദവും ഒന്നിച്ച് നിർവഹിക്കുന്ന ഉന്നതമായ പ്രവർത്തനമാണ് ഇസ്തിമാഅ് .കേൾക്കുന്ന ശബ്ദ്ധത്തിന്റെ ആശയവും അർഥവും ഉൾകൊള്ളാൻ ചിന്താപരമായ വിശകലനത്തിലൂടെ അപഗ്രഥിക്കയും അത് സത്യമാണെന്ന് ബോധ്യപ്പെന്ന് വിശ്വസിക്കലുമാണ് ഈ പ്രവർത്തനം കൊണ്ട് ഉണ്ടാകുന്ന ഫലം.

അല്ലാഹു പറയുന്നു: 'ക്വുർആൻ പാരായണം ചെയ്യപ്പെടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 7:204).

ഈ വചനത്തിലൂടെ അല്ലാഹു നമ്മിൽ വളർത്തുന്നത് രണ്ട് ഉന്നതമായ ശേഷികളാണ്. ഒന്ന് 'ഇസ്തിമാഅ്.' മറ്റൊന്ന് 'ഇൻസ്വാത്.'

'ഇസ്തിമാഅ്' എന്താണെന്ന് നാം മനസ്സിലാക്കി. 'ഇൻസ്വാത്' എന്നതിന് സാങ്കേതികമായി ഇസ്തിമാഅ് എന്നതിനെക്കാൾ ഉന്നതമായ ഒരു തലമാണുള്ളത്. ധ്യാന സമാനമായ ചിന്തയും ഭക്തിയും ഇണങ്ങിച്ചേർന്ന് സസൂക്ഷ്മം ശ്രവിക്കലാണ് അത്. ഇതാണ് ക്വുർആനിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ വഴി തുറക്കുന്നത്. ക്വുർആനിനെക്കുറിച്ച് ചിന്തിക്കുക എന്നതിന് ഉപയോഗിക്കുന്ന പദം 'തദബ്ബുർ' എന്നതാണ്. ഇത് ഇസ്തിമാഅ്, ഇൻസ്വാത് എന്നിവയുടെ അനന്തരഫലമാണ്. കൃത്യവും വസ്തുനിഷ്ഠവുമായ ഗുണം ലഭിക്കുവാൻ വേണ്ടി നടത്തുന്ന ബുദ്ധിപരമായ പ്രവർത്തനമാണ് തദബ്ബുർ. യുക്തിദീക്ഷയോടും ഗുണപാഠമുൾക്കൊണ്ടും കാര്യങ്ങളെ ചിന്തിച്ച് ഉൾകൊള്ളുക എന്നതാണ് ഇവിടെ നിർവഹിക്കപ്പെടുന്നത്.

ഈ അർഥതലങ്ങൾ ഉൾക്കൊണ്ടു വേണം ക്വുർആനിനെ പഠനവിധേയമാക്കേണ്ടത്. കേവലം ക്വുർആൻ പാരായണവും കേൾവിയും അല്ലാഹു ഉദ്ദേശിക്കുന്ന ഫലം നമുക്ക് ലഭിക്കുന്നതിന് തടസ്സമാവും. ഇത്തരം ശ്രദ്ധാപൂർവമുള്ള പാരായണവും കേൾക്കലും നമുക്ക് ധാരാളം ഫലങ്ങൾ നൽകുന്നു.

## ക്വുർആൻ ശ്രവിക്കുന്നതിന്റെ ഗുണങ്ങൾ

ശ്രുതിമാധുര്യത്തോടെയുള്ള പാരായണം ശ്രവിക്കുന്നത് പുണ്യ കാര്യമാണ്. ക്വുർആൻ ഹൃദിസ്ഥമാക്കുവാനും ആശയങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും അത് സഹായകമാവും. പൂർവികരായ ക്വുർആൻ പണ്ഡിതൻമാർ അതിന് പ്രാധാന്യം നൽകിയിരുന്നു. ശ്രദ്ധാപൂർണമായി ഓരോ വരികളിലൂടെയും മനസ്സാന്നിധ്യത്തോടെ ആശയങ്ങളെക്കുറിച്ച് ചിന്തിച്ചുമാണ് ക്വുർആൻ ശ്രവിക്കൽ നടക്കേണ്ടത്. ക്വുർആൻ ശ്രവിക്കുന്നതിന്റെ ഗുണഫലങ്ങൾ ധാരാളമാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

## അല്ലാഹുവിൻെറ കാരുണ്യം കരസ്ഥമാക്കുക

ക്വുർആൻ ശ്രദ്ധിച്ച് കേൾക്കുകയും അവയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ കാരുണ്യം പ്രത്യേകമായി വർഷിക്കുന്നതാണ്. അല്ലാഹു പറയുന്നു: "ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ചു കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കും" (ക്വുർആൻ 7:204).

കാരുണ്യം ലഭിക്കുവാനുള്ള ഉത്തമ വഴിയായി ഈ വചനം നമ്മെ പഠിപ്പിക്കുന്ന കാര്യം ക്വുർആൻ ശ്രദ്ധാപൂർവം ശ്രവിക്കുകയും മനനം ചെയ്യുകയുമാണ്.

അബൂഹുറയ്റ‌ﷺ ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: "ഒരു സംഘം അല്ലാഹുവിന്റെ ഭവനങ്ങളിൽ നിന്ന് ഒരു ഭവനത്തിൽ ഒരുമിച്ച് ചേരുകയും അവന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അവ പരസ്പരം പഠിപ്പിക്കുകയും ചെയ്യുന്നില്ല; അവർക്ക് ശാന്തി ഇറങ്ങിയിട്ടല്ലാതെ. അവർ കാരുണ്യംകൊണ്ട് മൂടപ്പെടുകയും മലക്കുകൾ അവരെ വലംവയ്ക്കുകയും അല്ലാഹു അവരെപ്പറ്റി അവന്റെ സമീപമുള്ളവരോട് പറയുകയും ചെയ്യും" (മുസ്‌ലിം).

തീർച്ചയായും ക്വുർആൻ സശ്രദ്ധം കേൾക്കുകയും അവയെക്കുറിച്ച് ചിന്തിക്കുകയും മനന, പഠനത്തിന് ശ്രമിക്കുകയും ചെയ്യുന്നവരാണ് സൗഭാഗ്യവാൻമാർ. അവരാണ് കാര്യങ്ങൾ വസ്തുനിഷ്ഠമായി ചിന്തിച്ച് ഉൾക്കൊള്ളുന്നവർ. നേർമാർഗം പ്രാപിക്കുന്നവരും സത്യത്തിൽ ഉറച്ചുനിൽക്കുന്നവരും.

## മനസ്സാന്നിധ്യവും അശ്രുകണവും

ക്വുർആൻ പാരായണം ചെയ്യുന്നത് ശ്രവിക്കുന്നതിന്റെ ഗുണഫലങ്ങളിൽ പെട്ടതാണ് അത് മനസ്സാന്നിധ്യം വർധിപ്പിക്കുവാനും മനസ്സിനെ ശ്രദ്ധാപൂർവം പിടിച്ചുനിർത്താനും സാധിക്കും എന്നത്. അശ്രദ്ധ എന്നത് മനസ്സാന്നിധ്യം നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്നതാണ്. നമസ്കാരത്തിലും മറ്റും പലപ്പോഴും നാം അനുഭവിക്കുന്ന പ്രശ്നമാണ് ഈ മനസ്സാന്നിധ്യം നഷ്ടപ്പെടൽ. പാരായണം ചെയ്യുന്ന ആയത്തിന്റെ അർഥതലത്തിലൂടെയും ആശയവിശാലതയിലൂടെയും മനസ്സ് ഒഴുകമ്പോൾ തീർച്ചയായും ആ പാരായണം മനസ്സിൽ അലയൊലികൾ സൃഷ്ടിക്കും. അത് തന്റെ ജീവിതത്തിന്റെ അനുഭവങ്ങളുമായും സംഭവങ്ങളുമായും ഏറ്റുമുട്ടും. അപ്പോഴാണ് നമുക്ക് ഉൾക്കാഴ്ചയും പശ്ചാത്താപ മനഃസ്ഥിതിയും കൈവരുന്നത്. അത് നമ്മുടെ മനസ്സിനെ സ്വാധീനിക്കുന്നു. ചെയ്തുപോയ തിൻമകളെയും വീഴ്ചകളെയും കുറിച്ചാവുമ്പോൾ മനസ്സ് കരയാൻ തുടങ്ങും. അത് കണ്ണുനീരായി നിർഗളിക്കും.

ഇതായിരുന്നു പ്രവാചകന്മാരുടെ മാതൃക. അവർ അല്ലാഹുവിന്റെ വചനങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും മനസ്സാന്നിധ്യത്തോടെ ചിന്തിക്കുന്നവരുമായിരുന്നു. ഭയഭക്തി അവരുടെ മനസ്സുകളിൽ നിറയുകയും ചെയ്യുമായിരുന്നു. അതിന്റെ ഫലമായി അവർ അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം നമിക്കുകയും കരയുകയും ചെയ്തു.

അല്ലാഹു പറയുന്നു: "അല്ലാഹു അനുഗ്രഹം നൽകിയിട്ടുള്ള പ്രവാചകന്മാരത്രെ അവർ. ആദമിന്റെ സന്തതികളിൽ പെട്ടവരും നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരിൽ പെട്ടവരും ഇബ്റാഹീമിന്റെയും ഇസ്റാഈലിന്റെയും സന്തതികളിൽ പെട്ടവരും നാം നേർവഴിയിലാക്കുകയും പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരത്രെ അവർ. പരമകാരുണ്യവാന്റെ ആയത്തുകൾ അവർക്ക് വായിച്ച് കേൾപ്പിക്കപ്പെടുന്നപക്ഷം പ്രണമിക്കുന്നവരും കരയുന്നവരുമായിക്കൊണ്ട് അവർ താഴെ വീഴുന്നതാണ്" (ക്വുർആൻ 19:58).

പാരായണം ശ്രദ്ധിച്ചുകേൾക്കുന്നതിന്റെ ആഴമേറിയ തലങ്ങളാണ് ഈ വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

## മാർഗദർശനത്തിന്റെ വഴി

ക്വുർആൻ ശ്രദ്ധാപൂർവം കേൾക്കൽ ഹിദായത്തിനുള്ള മാർഗമാണ്. ഋജുവായ ചിന്തയും മനനവുമുള്ള വ്യക്തികൾക്ക് ക്വുർആൻ ശ്രവിക്കുന്നത് ജീവിതത്തിന്റെ ഇരുണ്ട വഴികളിൽ പ്രകാശം നിറക്കാൻ കാരണമാവുന്നു. ഏറ്റവും നല്ലത് കേൾക്കുകയും അവയെ പിൻപറ്റുകയും ചെയ്യുന്ന ബുദ്ധിമൻമാരാണ് അവർ. വാക്കുകളിൽ വെച്ച് ഏറ്റവും ഉത്തമമായത് അല്ലാഹുവിൻെറ വാക്കുകളാണ്. ആ വചനങ്ങൾ മനസ്സിനെ പ്രകാശത്തിലേക്ക് നയിക്കുന്നു.

സന്മാർഗം എന്നത് ഉന്നതമായ സംസ്കാരമാണ്. ഇസ്‌ലാം ആ സംസ്കാരത്തിന്റെ പേരാണ്. വ്യക്തിയുടെ വിശ്വാസത്തിലും കർമത്തിലും കലർപ്പുകളും മാലിന്യങ്ങളും കലരാതെ ശുദ്ധീകരിക്കുന്നതാണ് ക്വുർആൻ ശ്രവിക്കുന്നതിലൂടെ സാധ്യമാവുന്നത്.

അല്ലാഹു പറയുന്നു: "അതായത് വാക്ക് ശ്രദ്ധിച്ച് കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാൻമാർ" (ക്വുർആൻ 39:18).

ഇത്തരം ധാരാളം ഗുണങ്ങൾ ക്വുർആൻ ശ്രദ്ധിച്ച് കേൾക്കുന്നതിലൂടെ നമുക്ക് ലഭിക്കുന്നു. അവ നേടിയെടുക്കാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ.

അബൂ അമീൻ
mail@nerpatham.com

ക്വുർആൻ പാഠം

# ജീവിതത്തെ ക്രിയാത്മകമാക്കുക

**"എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. ആകയാൽ നിനക്ക് ഒഴിവ് കിട്ടിയാൽ നീ അധ്വാനിക്കുക. നിന്റെ രക്ഷിതാവിലേക്ക് തന്നെ നിന്റെ ആഗ്രഹം സമർപ്പിക്കുകയും ചെയ്യുക" (ക്വുർആൻ 94:5-8)**

ജീവിതത്തിന്റെ ഏതേത് മേഖലകളിൽ പ്രഗത്ഭരും പ്രശസ്തരുമായവരുണ്ടോ അവരുടെയൊക്കെ കഴി ഞ്ഞകാല ചരിത്രത്തിൽ അധ്വാനങ്ങളുടെയും ത്യാഗപരിശ്രമങ്ങളുടെയും വിയർപ്പുതുള്ളികൾ കാണാവുന്നതാണ്. അങ്ങനെ അധ്വാനിക്കേണ്ടവിധത്തിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ക്വുർആൻ പറയുന്നു: 'തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു'(90:4).

മനുഷ്യരിലധികപേരും അലസതയുടെ മടിത്തട്ടിൽ കൂർക്കം വലിച്ചുറങ്ങുന്നവരാണ്. ഉദ്യോഗസ്ഥർ മുതൽ വിദ്യാർഥികളിലും കൂലിവേല ചെയ്യുന്നവരിലുമൊക്കെയുമുണ്ട് ഇത്തരം മടിയന്മാർ. ഏത് മേഖലയിലും ശരിയായ നിലയിൽ ക്രിയാത്മാകമായ പ്രവർത്തനങ്ങളുടെ നാലിലൊന്ന് പോലും നടക്കുന്നില്ല എന്നു പറയുമ്പോൾ അലസതയുടെ വ്യാപ്തി ഊഹിക്കാവുന്നതേയുള്ളൂ.

ജീവിതത്തിന് കൃത്യമായ ഒരു ലക്ഷ്യവും ദിശാബോധവുമുള്ള വിശ്വാസികളിലും അലസത പരക്കുന്നത് ആശാവഹമല്ല. നന്മയുടെ വക്താക്കൾ അലസരായി കോട്ടുവായിടുന്നത് പിശാചിനെയും തിന്മയുടെ വക്താക്കളെയുമായിരിക്കും സന്തോഷിപ്പിക്കുക. അതിനാൽ നന്മയുടെ മാർഗത്തിൽ ഉന്മേഷവാന്മാരായി പ്രവർത്തിക്കാൻ മാനസികവും ശാരീരികവുമായി തയ്യാറെടുക്കേണ്ടതുണ്ട്.

പലതരത്തിലുള്ള ദുശ്ശീലങ്ങളും നമ്മെ അലസന്മാരാക്കുന്നുണ്ട്. സമയത്തിന്റെ വിലയറിയാത്തവന് ജീവിതത്തിന്റെ മഹത്ത്വമറിയാൻ കഴിയില്ല. അവരുടേത് നാൽകാലികളുടെ ജീവിതത്തിന് തുല്യമാണ്. ക്വുർആൻ പറയുന്നു:

"സത്യനിഷേധികളാകട്ടെ (ഇഹലോകത്ത്) സുഖമനുഭവിക്കുകയും നാൽകാലികൾ തിന്നുന്നത് പോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. നരകമാണ് അവർക്കുള്ള വാസസ്ഥലം"(47:12).

'സമയം കൊല്ലി'കളായ ഒട്ടനവധി ദുശ്ശീലങ്ങൾക്ക് അടിമകളാണ് നമ്മിലധികപേരും. വിനോദങ്ങളും കളിതമാശകളും സകലസീമകളും ലംഘിച്ച് ജീവിതം തന്നെ അതിന് വേണ്ടി എന്ന അവസ്ഥ വരെ എത്തിയിരിക്കുന്നു!

ജീവിതവീഥിയിലെ പോരാട്ടത്തിൽ ഇത്തരം അലസന്മാർക്ക് കാര്യമായൊന്നും നേടിയെടുക്കാനാവില്ല. ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളും അനിഷ്ടകരമായ അനുഭവങ്ങളും അലസതക്ക് കാരണമാകാൻ അനുവദിക്കരുത്. അവ അനുകൂലങ്ങളായ നാളെയുടെ ചവിട്ടുപടിയാക്കി മാറ്റാൻ നമുക്ക് കഴിയുമ്പോഴാണ് നാം ജീവിതത്തിൽ വിജയം വരിക്കുക. ചരിത്രത്തിൽ ഇതിന് നിരവധി ഉദാഹരണങ്ങൾ കാണാവുന്നതാണ്.

ഏറ്റവും പ്രധാനങ്ങളായ കാര്യങ്ങൾ ആദ്യമാദ്യം ചെയ്യത്തക്കവിധം ഒരു പ്ലാനിംങ്ങോടു കൂടി കാര്യങ്ങൾ ചെയ്യുകയും 'നാളെയാകട്ടെ' എന്ന മനോഭാവം മാറ്റുകയും വേണം. ചെയ്യേണ്ടത് ചെയ്യാതെ പിന്നേക്ക് മാറ്റിവെക്കൽ അലസതയുടെ വിത്താണ്. ഇന്നത്തെ ആരോഗ്യവും സമയവും ശേഷിയുമൊക്കെ നാളെ അനാരോഗ്യവും തിരക്കും ദാരിദ്ര്യവുമൊക്കെയായി വന്നേക്കാമെന്ന ചിന്തയോടെ ഒന്നും തന്നെ പാഴാക്കാതെ ഉപയോഗിക്കുക എന്ന നബിﷺയുടെ ഉപദേശത്തിന്റെ സാരാംശം ഉൾക്കൊള്ളുക.

നബിﷺ പഠിപ്പിച്ച ഒരു പ്രാർഥന ഇവിടെ പ്രസക്തമാണ്. "അല്ലാഹുവേ, അശക്തതയിൽനിന്നും അലസതയിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു" (ബുഖാരി).

ജീവിതത്തിന്റെ ഓരോ നിമിഷവും കണക്ക് ബോധിപ്പിക്കേണ്ട അധ്വാനത്തിന്റെതാണെന്നും അവയുടെ പ്രതിഫലവേദി വരാനിരിക്കുന്നുണ്ടെന്നും മനസ്സിലാക്കി ഊർജസ്വലതയോടെ പ്രവർത്തിക്കുക. സർവശക്തനായ അല്ലാഹു അനുഗ്രഹിക്കട്ടെ.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com



# കടലിലെ അത്ഭുതങ്ങളും കുർആൻ നൽകുന്ന വെളിച്ചവും

**ആഴിയുടെ ആഴങ്ങൾ അമ്പരപ്പിക്കുന്നതാണ്. സ്രഷ്ടാവിന്റെ അമൂല്യമായ സൃഷ്ടികളാൽ സമ്പന്നമായ സമുദ്രത്തെ കുറിച്ചുള്ള ഓരോ അറിവും സൃഷ്ടികർത്താവിന്റെ സൃഷ്ടിപ്പിനെ അടുത്തറിയാനും ദൃഢവിശ്വാസത്തിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കാനും നിമിത്തമാകും. സൃഷ്ടിവൈഭവത്തിലെ മഹത്ത്വങ്ങൾ മനസ്സിലാക്കി സ്രഷ്ടാവിനെ അറിയാനുള്ള പഠനപരമ്പരയുടെ ആദ്യ ഭാഗം.**

കടൽ മനുഷ്യനെ എന്നും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അറ്റമില്ലാത്ത ജലപ്പരപ്പും എണ്ണമില്ലാത്ത തിരമാലകളും വർണാലങ്കാരം തീർക്കുന്ന അസ്തമയ സൂര്യനും നമ്മുടെ കണ്ണിനും മനസ്സിനും ഒരേ സമയം ആനന്ദവും അമ്പരപ്പും നൽകുന്ന കാഴ്ചയാണ്. അലതല്ലുന്ന നീലക്കടൽ മനുഷ്യന്റെ മനസ്സിൽ നിരവധി ചിന്തകളും ചോദ്യങ്ങളും ബാക്കി വെക്കാറുണ്ട്.



ഒരുപക്ഷേ, ഗുഹകളിൽ താമസിക്കുകയും വനങ്ങളിൽ വേട്ടയാടുകയും ചെയ്തിരുന്ന കാലത്ത് തന്നെ മനുഷ്യൻ കടലിൽ മത്സ്യബന്ധനവും നടത്തിയിട്ടുണ്ടായിരിക്കണം. ക്രമേണ അവൻ കടൽ സഞ്ചാരത്തിന്റെ പുതുവഴികൾ തേടുകയും വഞ്ചിയും പായ്ക്കപ്പലുകളും പോലുള്ളവ വികസിപ്പിക്കുകയും ചെയ്തു. ഇന്ന് ടൺ കണക്കിനു ഭാരമുള്ള യുദ്ധക്കപ്പലുകളും ആയിരങ്ങളെ വഹിക്കുന്ന സർവാഢംബരങ്ങളോടും കൂടിയ ക്രൂസ് ഷിപ്പുകളും വരെയെത്തി നിൽക്കുന്നു കാര്യങ്ങൾ.

കപ്പലുകളിലുള്ള മനുഷ്യന്റെ കടൽ സഞ്ചാരത്തെ അല്ലാഹു അവന്റെ ദൃഷ്ടാന്തമായും അതിലെ ഭക്ഷ്യവിഭവത്തെ നമുക്കുള്ള അനുഗ്രഹമായും കുർആനിൽ പല സ്ഥലങ്ങളിലായി പരിചയപ്പെടുത്തിത്തരുന്നുണ്ട്.

'നിങ്ങൾക്ക് പുതുമാംസം എടുത്ത് തിന്നുവാനും നിങ്ങൾക്ക് അണിയാനുള്ള ആഭരണങ്ങൾ പുറത്തെടുക്കുവാനും പാകത്തിൽ കടലിനെ വിധേയമാക്കിയവനും അവൻ തന്നെ. കപ്പലുകൾ അതിലൂടെ വെള്ളം പിളർന്ന് മാറ്റിക്കൊണ്ട് ഓടുന്നതും നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടുവാനും നിങ്ങൾ നന്ദികാണിക്കുവാനും വേണ്ടിയാണ്. (അവനത് നിങ്ങൾക്ക് വിധേയമാക്കിത്തന്നത്)" (ക്വുർആൻ 16:14).

“കടലിലൂടെ കപ്പലുകൾ സഞ്ചരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം നിമിത്തമാണെന്ന് നീ കണ്ടില്ലേ? അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ചുതരാൻ വേണ്ടിയത്രെ അത്. ക്ഷമാശീലരും നന്ദിയുള്ളവരുമായ ഏവർക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 31:31).

“കടലിലൂടെ മലകളെന്നോണം സഞ്ചരിക്കുന്ന കപ്പലുകളും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ” (ക്വുർആൻ 42:32).


കടലിനെ കുറിച്ചും അവയിൽ ഒളിഞ്ഞിരിക്കുന്ന പല നിഗൂഢ രഹസ്യങ്ങളെ കുറിച്ചും ക്വുർആനിൽ അങ്ങിങ്ങായി പരാമർശിക്കുന്നുണ്ട്. കടലിനെ പോലെത്തന്നെ അത്ഭുതപ്പെടുത്തുന്നതും ചിന്തിപ്പിക്കുന്നതുമാണു കടലിനെ കുറിച്ച് ക്വുർആനിൽ വന്ന പരാമർശങ്ങളും! അത്തരത്തിലുള്ള ചില ക്വുർആൻ വചനങ്ങളെ നമുക്ക് പരിശോധിക്കാം.


### സമുദ്രത്തിലെ തട്ടുകൾ

സമുദ്രശാസ്ത്രം (Oceanography) സമുദ്രജലത്തെ പഠനസൗകര്യാർഥം 5 തട്ടുകളായി വേർതിരിക്കുന്നുണ്ട്. ഈ വിഭജനം സമുദ്രോപരിതലത്തിൽ നിന്ന് സൂര്യപ്രകാശം എത്ര ആഴത്തിലേക്ക് പോകുന്നു എന്നതിനെ അനുസരിച്ചാണ്. ഏറ്റവും മുകളിലുള്ള തട്ടിനെ സൂര്യപ്രകാശ മേഖല/പകൽ മേഖല (Sunlight zone) എന്ന് വിളിക്കുന്നു. സൂര്യപ്രകാശം എത്ര താഴ്ചയിലേക്ക് കടക്കുന്നുവോ അതെല്ലാം ഈ മേഖലയിൽ വരും. രണ്ടാമത്തെ തട്ടിനെ അസ്തമയ മേഖല (Twilight zone) എന്ന് വിളിക്കുന്നു. ഈ ഭാഗത്ത് വെളിച്ചം കുറവായിരിക്കും. മൂന്നാമത്തെ തട്ടിനെ പാതിരാ/അന്ധകാര മേഖല (Midnight zone) എന്നും അതിന് താഴെയുള്ള ഭാഗത്തെ Abbyss എന്നും അതിനും താഴെയുള്ള അടിത്തട്ടിനെ ഗർത്തം (Trench) എന്നും വിളിക്കുന്നു. താഴെയുള്ള രണ്ട് തട്ടുകളിൽ പൂർണമായ അന്ധകാരമായിരിക്കും.

കടലിലെ ഈ ഓരോ തട്ടും വ്യത്യസ്തങ്ങളായ ജീവിവർഗങ്ങളാൽ സമ്പന്നമാണ്. കടലിലെ ഭൂരിഭാഗം ജീവികളും ജീവിക്കുന്നത് ഒന്നാമത്തെ തട്ടായ Sunlight zoneലാണ്. ഇതിന്റെ ആഴം മുകളിൽ നിന്ന് ഏകദേശം 700 മീറ്റർ വരെ ആണ്.

സൂര്യപ്രകാശത്തെ ആശ്രയിച്ച് ജീവിക്കുന്ന ചെറിയ സസ്യവർഗങ്ങളും ഈ സസ്യവർഗങ്ങളെ തിന്നുജീവിക്കുന്ന ചെറിയ മൽസ്യങ്ങളുമുണ്ടിവിടെ. തീരത്തോട് ചേർന്നുകിടക്കുന്ന ഭാഗങ്ങളിലാണെങ്കിൽ കളകളും (Weeds) പായലുകളും (Algae) നീർനായ (Seal), ആമ, തവള പോലുള്ള ഉഭയ ജീവികളെയും (കടലിലും കരയിലും ജീവിക്കാൻ സാധിക്കുന്നവ) കാണാം.






ഇതിനു താഴെയുള്ള തട്ടിൽ (2000 – 2500 അടി വരെ ആഴം) ജീവിക്കുന്നത് സ്രാവുകൾ, തിമിംഗലം പോലുള്ള വലിയ മൽസ്യങ്ങളും നീരാളിയും മറ്റുമാണ്. ഇവ സൗകര്യാർഥം സമുദ്രോപരിതലത്തിലേക്കും ആഴക്കടലിലേക്കും പോകാൻ കഴിവുള്ളവയാണ്.

മൂന്നാമത്തെ തട്ടും (2500 അടി മുതൽ താഴോട്ട്) അതിനു താഴെയുള്ള ഭാഗവും നാം സൂചിപ്പിച്ച പോലെ കൂരിരുട്ടാണ്. ഇവിടെയാണ് പ്രകാശം ഉൽപാദിപ്പിക്കുന്ന പലതരം ജീവികൾ കാണപ്പെടുന്നത്. ഈ തട്ടിൽ പല നിറങ്ങളോടുകൂടിയ പ്രകാശങ്ങളും പ്രകാശ മത്സ്യങ്ങളും കൗതുകകരമായ പലതരം നക്ഷത്ര മൽസ്യങ്ങൾ (Starfish), സ്ക്വിഡുകൾ (Squids), ജെല്ലി ഫിഷുകൾ തുടങ്ങിയവയും കാണപ്പെടുന്നു.

ഇതിനും താഴെയുള്ള ഭാഗം Abbyss എന്നും അതിനും താഴെയുള്ള അടിത്തട്ടിനെ Trench എന്നും പറയുന്നു. ഈ ഭാഗങ്ങളിൽ എന്തെങ്കിലും ജീവിവർഗങ്ങൾ ഉണ്ടോ എന്നോ ഉണ്ടെങ്കിൽ അവ എന്താണെന്നോ മനുഷ്യർക്ക് യാതൊരു ധാരണയുമില്ല. ഇതിനു കാരണം പലതാണ്:

(1) ഇവിടെയുള്ള തണുപ്പ്: കടലിന്റെ മുകൾ ഭാഗം സൂര്യപ്രകാശം കൊണ്ട് ചൂടുള്ളതാണ്. താഴേക്ക് വരും തോറും ചൂട് ഇല്ലാതാവുകയും അടിത്തട്ടിൽ എത്തുമ്പോഴേക്കും തണുപ്പായി മാറുകയും ചെയ്യും. ഏറ്റവും അടിത്തട്ടിൽ വെള്ളം തണുത്തുറഞ്ഞു പോകുന്ന സാഹചര്യം വരെ ഉണ്ട്. ഇത്തരം ഒരു സാഹചര്യം ജീവവാസ യോഗ്യമല്ലെന്ന് പറയേണ്ടതില്ലല്ലോ.

(2) ശക്തമായ മർദം (Pressure): കടലിന്റെ മുകൾഭാഗത്തുള്ളതിന്റെ 1000 ഇരട്ടി മർദമാണ് അടിത്തട്ടിൽ ഉള്ളത്. അതായത് നിങ്ങൾ അടിത്തട്ടിൽ പോയിയെന്ന് സങ്കൽപിക്കുക, നിങ്ങളുടെ മുകൾ ഭാഗത്തുള്ള ജലത്തിന്റെ ഭാരം നിങ്ങളുടെ ശരീരത്തിൽ ഉണ്ടാക്കുന്ന മർദമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അടിത്തട്ടിൽ മർദം അതിശക്തമായത് കൊണ്ട് തന്നെ കടൽ ജീവികൾക്ക് അവിടെ ജീവിക്കാൻ സാധിക്കില്ല. എന്നാൽ ചില ജീവികൾ ഇവിടേക്ക് അപ്പപ്പോൾ പോയി വരാറുമുണ്ട്.

(3) അടിത്തത്തിലെ വെള്ളത്തിന്റെ കട്ടി (Denstiy) കൂടുതലാണ്. ഇതും ജീവികൾ ഇല്ലാതിരിക്കാനുള്ള ഒരു കാരണമാണ്.

(4) ഓക്സിജന്റെ ലഭ്യതക്കുറവ്: കടലിന്റെ മുകളിൽ ഓക്സിജൻ ധാരാളം ലഭ്യമാണ്. കാരണം ആ ഭാഗം അന്തരീക്ഷത്തോട് അടുത്തുകിടക്കുന്നതാണ്. എന്നാൽ ആഴങ്ങളിലേക്ക് പോകുന്തോറും ഓക്സിജൻ ലഭ്യത കുറയുകയും ജീവികൾക്ക് വാസയോഗ്യമല്ലാതാവുകയും ചെയ്യുന്നു. ശുദ്ധമായ ഓക്സിജൻ ലഭിക്കുന്നതിനു വേണ്ടി വമ്പൻ സ്രാവുകളും തിമിംഗലങ്ങളും സമുദ്രോപരിതലത്തിലേക്ക് വരുന്നത് സമുദ്ര സഞ്ചാരികൾക്ക് ഒരു സ്ഥിരം കാഴ്ചയാണ്.

(5) ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്: കടലിന്റെ മുകൾത്തട്ടിലാണു ഭൂരിഭാഗം സസ്യങ്ങളും ജീവികളും കഴിയുന്നത് എന്ന് സൂചിപ്പിച്ചല്ലോ. അപ്പോൾ അടിത്തട്ടിൽ ഏതെങ്കിലും ജീവികൾ ഇരതേടിപ്പോയാൽ തന്നെ അവിടെ ഒന്നും ലഭ്യമായിരിക്കില്ല. അപ്പോൾ ഭക്ഷണതിന്റെ ലഭ്യതക്കുറവും ഇവിടെ ജീവവാസം ഇല്ലാത്തിന്റെ ഒരു കാരണമാണ്.

കടലിലെ ഇത് വരെ കണ്ടെത്തിയതിൽ ഏറ്റവും ആഴമുള്ള ഭാഗം പസഫിക് സമുദ്രത്തിലെ മറിയാന ട്രെഞ്ച് ആണ്. ഏകദേശം 36,000 അടി താഴ്ചയിലാണ് ഇത്.

## ആഴക്കടലിലെ ഇരുട്ടിനെക്കുറിച്ച് ക്വുർആൻ

കടലിനടിയിൽ കൂരാകൂരിരുട്ടാണെന്നും സ്രാവ്, തിമിംഗലം പോലുള്ള വലിയ മൽസ്യങ്ങൾ ആഴക്കടലിലാണു വസിക്കുന്നതെന്നും തുടങ്ങിയ കാര്യങ്ങൾ മനുഷ്യൻ പ്രത്യേകതരം കടൽയാത്രാ ഉപകരണവും ഓക്സിജൻ സിലിൻഡറും പ്രകാശ സ്രോതസ്സുകളും ഉപയോഗിച്ച് 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ (1870കൾക്ക് ശേഷം) കടലിനടിയിലേക്ക് യാത്ര തുടങ്ങിയ ശേഷമാണു മനസ്സിലാക്കിയത്. എന്നാൽ 1400 വർഷങ്ങൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ക്വുർആനിൽ കടലിലെ അന്ധകാരങ്ങളെ കുറിച്ചും അവിടെയുള്ള ജീവികളെ കുറിച്ചും ചില സൂചനകൾ കാണാം. അവ പരിശോധിക്കാം:

(1) യൂനുസ് നബിﷺയെ വിഴുങ്ങിയ മത്സ്യവും കടലിലെ ഇരുട്ടും

യൂനുസ് നബിﷺയെ കൂറ്റൻ മൽസ്യം വിഴുങ്ങിയ ചരിത്രം പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

"ദുന്നൂനിനെയും (ഓർക്കുക). അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (ക്വുർആൻ 21:87).

ഈ വചനത്തിലെ 'മൂന്ന് ഇരുട്ടുകൾ' എന്താണെന്ന് ഇബ്നു മസ്ഊദ്ؓ വിശദീകരിച്ച് പറഞ്ഞു: 'മൽസ്യത്തിന്റെ വയറ്റിലെ ഇരുട്ടും കടലിലെ ഇരുട്ടും രാത്രിയുടെ ഇരുട്ടും.'


ഇബ്നു മസ്ഊദ്ؓ, ഇബ്നു അബ്ബാസ്ؓ എന്നിവർ പറയുന്നു: 'ആ മത്സ്യം അദ്ദേഹത്തെയും കൊണ്ട് കടലിന്റെ അടിത്തട്ടിലേക്ക് (ഇരുട്ടിലേക്ക്) ഊളിയിട്ടു പോയി' (തഫ്സീർ ഇബ്നു കഥീർ 21:87ന്റെ വ്യാഖ്യാനം കാണുക).


(2) സത്യനിഷേധിയുടെ ഹൃദയത്തിലെ ഇരുട്ട് അടിക്കടലിലെ ഇരുട്ട് പോലെ

സത്യനിഷേധികൾ അകപ്പെട്ടു പോയ 'ഇരുട്ടിനെ' കുറിച്ച് അല്ലാഹു ഒരു ഉപമ പറയുന്നത് കാണുക:

"അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ ഉപമ). തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനുമീതെ വീണ്ടും തിരമാല. അതിനുമീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല" (ക്വുർആൻ 24:40).

ഈ വചനത്തിൽ ആഴക്കടലിൽ കൂരാകൂരിരുട്ടാണെന്നാണ് അല്ലാഹു പറയുന്നതെന്നത് ശ്രദ്ധേയമാണ്. എന്നാൽ അതാകട്ടെ മനുഷ്യർ മനസ്സിലാക്കിയത് സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് യാത്ര തുടങ്ങിയ ശേഷവും!






## ആഴക്കടലിലെ പ്രകാശവാഹകർ

ആഴക്കടലിലെ ഇരുട്ടിൽ അല്ലാഹുവിന്റെ മറ്റൊരു സൃഷ്ടി വൈഭവം നമുക്ക് കാണാൻ കഴിയും. അത് പ്രകാശം പരത്തുന്ന ജീവികളാണ്. ചില ജീവികൾ ഇരുട്ടിൽ തപ്പുമ്പോൾ മറ്റു ചില ജീവികളെ അല്ലാഹു പ്രത്യേകം 'ടോർച്ചുകളോടു കൂടി'യാണു സൃഷ്ടിച്ചിട്ടുള്ളത്. അവ അവയുടെ ശരീരത്തിലെ ടോർച്ചുകൾ ഉപയോഗിച്ച് പ്രകാശം ജനിപ്പിക്കുകയും ഇരുട്ടിനെ അതിജീവിക്കുകയും ചെയ്യുന്നു. Angler fish, Cookie cutter shark, Cat shark, Gulper eel, Lantern fish, Marine hatchet fish, Midshipman fish, Pinecone fish, Viper fish, Black dragon fish തുടങ്ങിയ മൽസ്യങ്ങളും ചില നീരാളികളും സ്‌ക്വിഡുകളും ജെല്ലി ഫിഷുകളും ഇത്തരത്തിൽ പ്രകാശം ഉൽപാദിപ്പിക്കാൻ കഴിവുള്ളവയാണ്. ആഴക്കടലിലെ 76 ശതമാനത്തോളം ജീവികൾ സ്വയം പ്രകാശം ഉണ്ടാക്കാൻ കഴിവുള്ളവയാണെന്ന് ഗവേഷണങ്ങൾ പറയുന്നു. ഇവ പ്രകാശം ഉൽപാദിപ്പിക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യങ്ങൾ ഇവയാണ്:

(1) ഇരുട്ടിൽ കാഴ്ചക്ക് വേണ്ടി.

(2) ഇണകകളെ ആകർഷിക്കാൻ.

(3) ഇരകളെ ആകർഷിച്ച് ഭക്ഷിക്കാൻ.

(4) ശത്രുക്കളെ അഥവാ തന്നെ വേട്ടയാടാൻ വരുന്ന മറ്റു ജീവികളെ / മൽസ്യങ്ങളെ ഭയപ്പെടുത്താൻ.

(5) ആശയ വിനിമയം നടത്താൻ: ഒരു ജീവി അതിന്റെ അതേ വർഗത്തിൽ പെട്ട മറ്റു ജീവികളുമായി ആശയ വിനിമയം നടത്താൻ അവയുടെ പ്രകാശം ഉപയോഗപ്പെടുത്താറുണ്ട്. ചില പ്രത്യേക രീതിയിലുള്ള പ്രകാശം കൊണ്ട് ചില പ്രത്യേക ആശയം (സിഗ്നൽ) കൈമാറുന്നു.

ഈ ജീവികളൊക്കെ പ്രകാശം ഉൽപാദിപ്പിക്കുന്നത് ചില പ്രത്യേക കെമിക്കൽ റിയാക്ഷൻ വഴിയാണ്. അവയിൽ പലജീവികൾ പലനിറത്തിലുള്ള പ്രകാശങ്ങളാണു് ഉണ്ടാക്കാറ്. നാം കടലിനടിയിലേക്ക് ഒരു യാത്ര പോവുകയാണെങ്കിൽ അവിടെ കാണുന്ന കാഴ്ച രാത്രിയിൽ ആകാശത്ത് മിന്നുന്ന നക്ഷത്രങ്ങളെ പോലെയോ അല്ലെങ്കിൽ രാത്രിയിലെ വർണശബളമായ ഒരു വെടിക്കെട്ട് പോലെയോ ഭംഗിയുള്ളത് ആയിരിക്കും.

ആരാണ് ഈ ജീവികളുടെ ശരീരത്തിൽ ഈ പ്രകാശ സംവിധാനം ഘടിപ്പിച്ചത്? അവ സ്വയം ഗവേഷണം ചെയ്ത് കണ്ടെത്തി ശരീരത്തിൽ പിടിപ്പിച്ചതാണോ? അല്ല, നിസ്സംശയം പറയാം! അവയെ സൃഷ്ടിച്ച, ആഴക്കടലിൽ അവയ്ക്ക് വെളിച്ചം ആവശ്യമാണെന്ന് അറിയുന്ന സ്രഷ്ടാവായ അല്ലാഹുവാണത് സംവിധാനിച്ചത്.

"സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക" (ക്വുർആൻ 87:1,2).

മുമ്പ് നാം ഉദ്ധരിച്ച കുർആൻ വചനം (24:40) ശ്രദ്ധിക്കുക. സത്യനിഷേധിയുടെ അവസ്ഥയെ ആഴക്കടലിലെ അന്ധകാരത്തോട് ഉപമിച്ച ശേഷം ആ ആയത്ത് അവസാനിക്കുന്നത് ഇങ്ങനെയാണ്: 'അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവനു യാതൊരു പ്രകാശവുമില്ല.'

ഇത് സത്യനിഷേധിയെ കുറിച്ച് പറയുന്നതാണെങ്കിലും അവരെ ഉപമിച്ച ആഴക്കടലിനു കൂടി ഇത് ബാധകമാണ്. അഥവാ കടലിനടിയിൽ 'അല്ലാഹു സ്വന്തമായ പ്രകാശ സ്രോതസ്സ് നൽകിയ ജീവികൾ പ്രകാശത്തിലാണ്, അല്ലാത്ത ജീവികൾ ഇരുട്ടിൽ തപ്പുന്നവയും.'


കടലിനെ സംബന്ധിച്ച കുർആനിക പരാമർശങ്ങളിലെ അത്ഭുതങ്ങൾ ഇനിയുമുണ്ട്. അവ അടുത്ത ലേഖനത്തിൽ പരിശോധിക്കാം (ഇൻശാ അല്ലാഹ്).

**(തുടരും)**

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 23



# മൗനം ദീക്ഷിക്കൽ

അന്യായം പറയുന്നതിൽനിന്നും നാവിനാൽ അന്യരെ ആക്രമിക്കുന്നതിൽനിന്നും അനാവശ്യങ്ങളിൽനിന്നും മൗനം പാലിക്കുവാൻ ഇസ്‌ലാം അനുശാസിച്ചു.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. തിരുദൂതർ(സ) പറഞ്ഞു: "...വല്ലവനും അല്ലാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലതു പറയട്ടെ, അല്ലെങ്കിൽ മൗനം ദീക്ഷിക്കട്ടെ..." (ബുഖാരി).

ഇമാം നവവി പറഞ്ഞു: "ഈ ഹദീഥിന്റെ ആശയമായി ഇമാം ശാഫിഈ പറഞ്ഞു: 'ഒരാൾ സംസാരിക്കുവാനുദ്ദേശിച്ചാൽ അവൻ ആലോചിക്കട്ടെ. തനിക്ക് വിനയാവുകയില്ലെന്ന് ബോധ്യപ്പെട്ടാൽ അവൻ സംസാരിക്കട്ടെ. അതിൽ വിനകളുണ്ടെന്ന് ബോധ്യപ്പെടുകയോ സംശയിക്കുകയോ ചെയ്താൽ അവൻ നാവിനെ നിയന്ത്രിക്കട്ടെ."

ഇബ്നു അബ്ദിൽബർറ് പറഞ്ഞു: "ഈ ഹദീഥിൽ മര്യാദകളും സുന്നത്തുകളുമുണ്ട്. മൗനത്തിന്റെ അനിവാര്യത ഉറപ്പാക്കൽ അതിൽപെട്ടതാണ്. നന്മ പറയൽ മൗനം ദീക്ഷിക്കുന്നതിനെക്കാൾ ഉത്തമമാണ്.''

ഇമാം അബൂഹാതിം അൽബുസ്തി പറഞ്ഞു: "സംസാരിക്കേണ്ട അനിവാര്യത ഉണ്ടാകുന്നതുവരെ മൗനം അനിവാര്യമായും പാലിക്കൽ ബുദ്ധിയുള്ളവർക്ക് നിർബന്ധമാണ്. സംസാരിച്ചാൽ ഖേദിക്കേണ്ടിവരുന്ന എത്രയെത്ര ആളുകളുണ്ട്! മൗനം ദീക്ഷിച്ച് ഖേദിക്കുന്നവർ എത്രമാത്രം കുറവാണ്" (റൗദത്തുൽ ഉക്വലാഅ്).

മനുഷ്യന് രണ്ടുകാതും ഒരു നാക്കും നൽകിയതിലെ പൊരുൾ സംസാരിക്കുന്നതിനെക്കാൾ കൂടുതൽ കേൾക്കുവാനാണെന്ന് ദാർശനികൾ പറഞ്ഞിട്ടുണ്ട്. തിന്മ പറയുന്നതിനെതൊട്ട് മൗനംപാലിച്ചവൻ ഇഹത്തിലും പരത്തിലും രക്ഷപ്പെട്ടുവെന്നും സകല നന്മയും

നേടി അവൻ വിജയം വരിച്ചുവെന്നും തിരുദൂതർﷺ ഉണർത്തുന്നു: "വല്ലവനും മൗനം ദീക്ഷിച്ചാൽ അവൻ രക്ഷപ്പെട്ടു" (മുസ്നദുഅഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

നാവിനെ പിടിച്ചുനിറുത്തുന്നതിൽ രക്ഷയുണ്ടെന്ന് നബിﷺ ഇവിടെ ഉണർത്തുന്നു. കാരണം, പല പ്പോഴും നാവാണ് മനുഷ്യന് നാശങ്ങളും നഷ്ടങ്ങളും കൊണ്ടെത്തിക്കുന്നത്. നാവ് ചൊവ്വായാൽ എല്ലാ അവയവങ്ങളും നേരെയാവുമെന്നും അത് വക്രമായാൽ അവയവങ്ങളെല്ലാം വക്രമാവുമെന്നും തിരുമൊഴിയുണ്ട്.

അബൂസഈദിൽഖുദ്രി﵁യിൽ നിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "മനുഷ്യൻ പ്രഭാതത്തിലായാൽ അവന്റെ അവയവങ്ങൾ നാവിനോട് വിനയപുരസ്സരം പറയും: ഞങ്ങളുടെ വിഷയത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുക. നീ നേരേചൊവ്വെ ആയാൽ ഞങ്ങൾ നേരെയായി. നീ വളഞ്ഞാൽ ഞങ്ങളും വളഞ്ഞു" (മുസ്നദുഅഹ്മദ്. അർനാഊത്വ് ഹസനെന്ന് വിശേഷിപ്പിച്ചു).

മനുഷ്യരുടെ നന്മകളും സൽപ്രവൃത്തികളും പാഴാകാതിരിക്കുവാൻ നാവിനെ നിയന്ത്രിക്കേണ്ടതുണ്ട്.ഇസ്‌ലാം കാര്യങ്ങളെയും പുണ്യപ്രവൃത്തികളെയും മുആദ് ഇബ്നുജബലി﵁ന് ഓതിക്കൊടുത്ത തിരു ദൂതർﷺ അവസാനമായി അദ്ദേഹത്തോടു പറഞ്ഞ വിഷയങ്ങൾ നോക്കൂ:

"...അവകളൊന്നും പാഴാക്കാതെ നിങ്ങൾക്കു നേടിത്തരുന്നത് നിങ്ങൾക്കു ഞാൻ അറിയിച്ചുതരട്ടെയോ? ഞാൻ പറഞ്ഞു: 'അതെ, നബിയേ.' അപ്പോൾ തിരുനബി തന്റെ നാവുപിടിച്ചു. അവിടുന്ന് പറഞ്ഞു: 'ഇതു നീ പിടിച്ചു നിർത്തുക.' ഞാൻ ചോദിച്ചു: 'ഞങ്ങൾ സംസാരിക്കുന്നതിൽ ഞങ്ങൾ പിടികൂടപ്പെടുമോ?' നബിﷺ പറഞ്ഞു: 'മുആദ്, ജനങ്ങളെ അവരുടെ മുഖങ്ങളിൽ അല്ലെങ്കിൽ അവരുടെ മൂക്കുകളിൽ നരകത്തിൽ വീഴ്ത്തുന്നത് അവരുടെ നാവുകളുടെ ദൂഷ്യസംസാരങ്ങൾ മാത്രമാണ്..." (സുനനുത്തുർമുദി. തുർമുദി ഹസനുൻസ്വഹീഹെന്ന് വിശേഷിപ്പിച്ചു).

തിരുനബിﷺ ഏറെ മൗനം ദീക്ഷിക്കുന്ന വ്യക്തിത്വമായിരുന്നു. സിമാക് ഇബ്നുഹർബ്﵁ പറയുന്നു: ഞാൻ ജാബിർ ഇബ്നു സമുറ﵁യോട് ചോദിച്ചു: 'താങ്കൾ തിരുനബിയോടൊന്നിച്ച് ഇരിക്കാറുണ്ടായി രുന്നോ?' അദ്ദേഹം പറഞ്ഞു: 'അതെ. തിരുനബി ദീർഘമായി മൗനം ദീക്ഷിക്കുന്നവനും കുറച്ചുമാത്രം ചിരിക്കുന്നവനുമായിരുന്നു. അനുചരന്മാർ ചിലപ്പോൾ നബിയുടെ അടുക്കൽ കവിത പറയാറുണ്ടായിരുന്നു. അവരുടെ ചില വിഷയങ്ങൾ അവതരിപ്പിക്കാറുണ്ടായിരുന്നു. അപ്പോൾ അവർ ചിരിക്കും. തിരുമേനിയാകട്ടെ ചിലപ്പോൾ പുഞ്ചിരിതൂകും"(മുസ്നദുഅഹ്മദ്. അർനാഊത്വ് ഹസനെന്ന് വിശേഷിപ്പിച്ചു).

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം: "തിരുനബി ദീർഘമായി മൗനംദീക്ഷിക്കുമായിരുന്നു. അവർ ജാഹിലിയ്യാ വിഷയങ്ങൾ അവതരിപ്പിക്കും. അങ്ങനെ അവർ ചിരിക്കുകയും തിരുമേനിയാകട്ടെ പുഞ്ചിരിക്കുകയും ചെയ്യും."

അലിയ്യ്﵁ പറഞ്ഞു: 'മൗനം കൂടുതലാകുന്നതു കൊണ്ടാണ് ഗാംഭീര്യമുണ്ടാകുന്നത്.'

അബുദ്ദർദാഅ്﵁ പറഞ്ഞു: "സംസാരം പഠിക്കുന്നതു പോലെ നിങ്ങൾ മൗനവും പഠിക്കുക. കാരണം മൗനം തികഞ്ഞ യുക്തിയാണ്. സംസാരിക്കുന്നതിനെക്കാൾ സംസാരം കേൾക്കുവാൻ താൽപര്യം കാണിക്കുക. തന്നെ പ്രശ്നമാക്കാത്ത യാതൊരു വിഷയത്തിലും സംസാരിക്കാതിരിക്കുകയും ചെയ്യുക.''

സത്യത്തിന്റെയും നന്മയുടെയും വിഷയത്തിലും നന്മകൽപിക്കുക, തിന്മ വിരോധിക്കുക എന്നിവയിലും ദിക്റെടുക്കുന്ന വിഷയത്തിലും സംസാരം നിർബന്ധമായ വിഷയത്തിലും മൗനം നിഷിദ്ധവും ആക്ഷേപാർഹവുമാണ്.

അലിയ്യ്﵁ പറഞ്ഞു: 'വിവരക്കേട് സംസാരിക്കുന്നതിൽ യാതൊരു നന്മയുമില്ല എന്നതുപോലെ വിവരമുള്ള വിഷയങ്ങളിൽ മൗനം ഭജിക്കുന്നതിലും യാതൊരു നന്മയുമില്ല.'

എന്നാൽ അനാവശ്യങ്ങളിലും അന്യായങ്ങളിലും നാവുനീട്ടുകയെന്നത് നിഷിദ്ധവും അവിടം മൗനം ഭജിക്കൽ നിർബന്ധവുമാണ്. ഒരു തിരുമൊഴി നോക്കൂ. ജാബിറുബ്നുഅബ്ദില്ല﵁യിൽ നിന്ന് നിവേദനം. തിരുദൂതൻﷺ പറഞ്ഞു:

"...നിശ്ചയം, നിങ്ങളിൽ എനിക്ക് ഏറ്റവും ദേഷ്യമുള്ളവരും അന്ത്യനാളിൽ എന്നോട് ഏറ്റവും അകല ത്തിൽ ഇരിപ്പിടമുള്ളവരും വായാടികളും ജനങ്ങളോട് നാക്ക് നീട്ടി ഉപദ്രവകരമായി സംസാരിക്കുന്നവരും മുതഫയ്ഹിഖീങ്ങളുമാണ്.' അവർ ചോദിച്ചു: 'അല്ലാഹു വിന്റെ റസൂലേ, വായാടികളേയും ജനങ്ങളോട് നാക്ക്നീട്ടി ഉപദ്രവകരമായി സംസാരിക്കുന്നവരെയും ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. എന്നാൽ, ആരാണ് മുതഫയ്ഹിഖീങ്ങൾ?' തിരുമേനി പറഞ്ഞു: 'അഹങ്കാരികളാണ്'" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com





# മനുഷ്യ മഹത്ത്വത്തിന്റെ 'ത്രിമാനങ്ങൾ'

മനുഷ്യമഹത്ത്വത്തെ മൂന്നു അടിത്തറകളുമായി ബന്ധിപ്പിക്കാം.

ഒന്ന്: മനുഷ്യന് അവന്റെ ആസ്തിക്യത്തോടുള്ള ബന്ധം.

രണ്ട്: മനുഷ്യന് അവന്റെ സ്രഷ്ടാവുമായുള്ള ബന്ധം.

മൂന്ന്: മനുഷ്യന് സൃഷ്ടികളുമായുള്ള ബന്ധം.

ഈ മൂന്നു ബന്ധങ്ങളിലും പൂർണത കൈവരിക്കാനായാൽ അവൻ മനുഷ്യ മഹത്ത്വത്തിന്റെ ശ്രേണിയിലെത്തി എന്നു പറയാം. ഈ മൂന്നു ബന്ധങ്ങളിലും വരുന്ന പോരായ്മകൾ അവന്റെ പൂർണത പ്രാപിക്കാനുള്ള വഴിയിലെ കടമ്പകളാണ്. സുസ്ഥിരവും സൗഭാഗ്യപൂർണവുമായ ഒരു ജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ മേൽപറഞ്ഞ മൂന്നു ബന്ധങ്ങളും മെച്ചപ്പെടുത്താൻ അധ്വാനിക്കേണ്ടതുണ്ട്.

ജനങ്ങൾ പലതരക്കാരാണ്. ചിലർ പടച്ചവനുമായുള്ള ബന്ധത്തിൽ വളരെ മുന്നിലായിരിക്കും. അതേ സമയം അവരുടെ പടപ്പുകളുമായുള്ള ബന്ധങ്ങളിൽ പ്രകടമായ താളപ്പിഴകളുണ്ടാവും. മറ്റുചിലർ സൃഷ്ടിക ൾക്കിടയിൽ വളരെ നല്ല സ്വീകാര്യനും സ്രഷ്ടാവിനോട് വളരെ അകൽച്ച സംഭവിച്ചവരുമായിരിക്കും. നിർഭാഗ്യവാന്മാരായ മനുഷ്യർ സ്രഷ്ടാവിനോടും സൃഷ്ടികളോടും ഒരേപോലെ ക്രമക്കേടുകൾ വരുത്തുന്ന വരായിരിക്കും. ഇസ്‌ലാം ഈ മൂന്നു ബന്ധങ്ങളെയും പരസ്പരം കോർത്തിണക്കി മനുഷ്യനെ മഹത്ത്വത്തിലെത്തിക്കാൻ അവതരിപ്പിക്കപ്പെട്ട മതമാണ്.

അബൂഹുറയ്റ ﵁ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം; ഒരാൾ പ്രവാചക സന്നിധിയിൽ വന്നുകൊണ്ടു പറഞ്ഞു: 'പ്രവാചകരേ, ഒരു സ്ത്രീ നമസ്കാരത്തിലും നോമ്പിലും ദാനധർമങ്ങളിലും വളരെ മുന്നിലാണ്. എന്നാൽ തന്റെ നാവുകൊണ്ട് അയൽവാസികളെ ഉപദ്രവിക്കും.' പ്രവാചകൻ ﷺ പറഞ്ഞു: 'അവൾ നരകത്തിലാണ്.'

ആഇശ ﵂ ഒരിക്കൽ പ്രവാചകനോട് ജാഹിലിയ്യാ കാലത്തെ ഉദാരമനസ്കനായ അബ്ദുല്ലാഹിബ്നു ജദആനെക്കുറിച്ചു ചോദിച്ചു. പാവപ്പെട്ടവർക്ക് ആഹാരം കൊടുക്കുന്ന, കുടുംബ ബന്ധങ്ങളെ ഇണക്കി ച്ചേർക്കുന്ന ഇബ്നു ജദആൻ സൃഷ്ടികളോട് വളരെ നല്ലപെരുമാറ്റമുള്ളവനാണ്. പരലോകത്ത് ഈ സൽക ർമങ്ങൾ അദ്ദേഹത്തെ സഹായിക്കുമോ എന്നാണ് ചോദ്യത്തിന്റെ പൊരുൾ. പ്രവാചകൻ ﷺ പറഞ്ഞു: 'പരലോകത്ത് അയാൾ രക്ഷപ്പെടില്ല. കാരണം എന്റെ രക്ഷിതാവേ, പ്രതിഫലനാളിൽ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ എന്ന് ഒരിക്കൽ പോലും അയാൾ പറഞ്ഞിട്ടില്ലാത്തതിനാൽ, പടപ്പുകളോട് നല്ല ബന്ധമുണ്ടെങ്കിലും പടച്ചവനോടുള്ള ബന്ധത്തിൽ വിള്ളൽ വീണതിനാൽ അയാൾ വിജയിക്കില്ല.'

ഇപ്രകാരം തന്നെയാണ് മനുഷ്യന് അവന്റെ വ്യക്തിത്വത്തോടുള്ള സമീപനങ്ങളുടെ സ്ഥിതിയും. സൽമാ നുൽഫാരിസി ﵁ തന്റെ കൂട്ടുകാരൻ അബുദ്ദർദാഇനോട് പറഞ്ഞത് പ്രസിദ്ധമാണ്: 'നിനിക്ക് നിന്റെ ശരീര ത്തോടും ചില കടമകളുണ്ട്.' ഇത് ശ്രദ്ധിച്ച റസൂൽ ﷺ പറഞ്ഞത്, 'സൽമാൻ പറഞ്ഞത് നേരാണ്' എന്നാ ണ്. ഈ മൂന്നു അടിത്തറകളെയും ഉറപ്പിൽ കെട്ടിപ്പടുത്തു മനുഷ്യ മഹത്ത്വത്തിലെത്താനുള്ള മാർഗങ്ങൾ ഏതൊക്കെ എന്നന്വേഷിക്കാം.

സ്രഷ്ടാവിനോടുള്ള ബന്ധത്തിൽ പരിപൂർണതയിലെത്താനുള്ള ഗോവണി 'ഇഹ്സാൻ' ആണ്.പ്രവാചകനോട് ഇഹ്സാനെന്താണെന്ന ജിബ്‌രീലിന്റെ ചോദ്യത്തിന് പ്രവാചകൻ നൽകുന്ന മറുപടി; 'നീ നിന്റെ രക്ഷിതാവിനെ കാണുന്നു എന്ന വിചാരത്തോടെ അവനെ ആരാധിക്കലാണ്. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്' എന്നായിരുന്നു.

ഇനി സൃഷ്ടികളോടുള്ള ബന്ധത്തിലേക്ക് വന്നാൽ, അതിന്റെ പരിപൂർത്തി സ്വഭാവ ഗുണങ്ങളിലാണെന്നു കാണാം. മനുഷ്യരോടുള്ള ഇടപാടുകളിൽ സ്വഭാവശുദ്ധിയും സത്യസന്ധതയും കാത്തുസൂക്ഷിക്കണം.

മനുഷ്യൻ അവന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ അത് വ്യക്തിത്വത്തിലെ ബാലൻസിംഗ് ആണെന്ന് കാണാം. അഥവാ ആരാധനകളിൽ ഇഹ്സാനും മനുഷ്യബന്ധങ്ങളിൽ സൽസ്വഭാവവും വ്യക്തിത്വത്തിൽ സന്തുലിതത്വവും കാത്തുസൂക്ഷിക്കുക. ഈ മൂന്നിലും പൂർണതയിലെത്താൻ എന്തുണ്ട് വഴി?



'ഇഹ്സാനിലേക്ക്' എത്തണമെങ്കിൽ നാലു കാര്യങ്ങൾ അനിവാര്യമാണ്. ഒന്നാമത്തേത് ഹൃദയ കർമങ്ങളാണ്. ഇഖ്‌ലാസ്, മഹബ്ബത്ത്, റജാഅ്, ഖൗഫ് (ആത്മാർ



ഒടുവിലത്തേത് സ്വന്തം വ്യക്തിത്വത്തിലെ സന്തുലിതാവസ്ഥയാണ്. നാലു കാര്യങ്ങൾ ഈ വിഷയത്തിൽ പ്രസക്തമാണ്. നിന്റെ കാര്യപ്രാപ്തിയും പ്രതീക്ഷകളും സന്തുലിതമാവണം. നിനക്ക് സാധിക്കുന്നതും നീ പ്രതീക്ഷിക്കുന്നതും തമ്മിൽ പൊരുത്തപ്പെടണം. നിന്റെ കഴിവുകൾ മികച്ചതും ആശകൾ പരിമിതവുമാണെങ്കിൽ നിന്നെ അലസത പിടികൂടും. പ്രതീക്ഷകൾ വാനോളം ഉയർന്നതും വിഭവങ്ങൾ പരിമിതവുമാണെങ്കിൽ നീ നിരാശയുടെ കയത്തിൽ വീഴും. രണ്ടാമത്തേത് നിന്റെ വിവേകവും വികാരവും തമ്മിൽ തുലനപ്പെടണം എന്നതാണ്. നീ പ്രത്യുൽപാദനശേഷിയില്ലാത്ത ബുദ്ധിജീവിയോ വികാരങ്ങളുടെ തടവറയിൽ അകപ്പെട്ട ദുർബലനോ ആവരുത്. മൂന്നാമത്തേത് അറിവും കർമവും തമ്മിലുള്ള ചേർച്ചയാണ്. നീ കർമരഹിതനായ പണ്ഡിതനാണെങ്കിൽ ഗ്രന്ഥം ചുമക്കുന്ന കഴുതയായിത്തീരും. അറിവില്ലാത്ത കർമയോഗിയാണെങ്കിൽ ചെയ്തുകൂട്ടുന്നതൊക്കെ അബദ്ധമായിരിക്കും. നാലാമത്തേത് കൊള്ളുന്നതിന്റെയും കൊടുക്കുന്നതിന്റെയും ഇടയിലുള്ള സന്തുലിതത്വമാണ്. കിട്ടുന്നതൊക്കെ വാരിക്കൂട്ടുന്ന സ്വഭാവക്കാരനാണെങ്കിൽ നീ വലിയ സ്വാർഥനാവും. ഉള്ളതൊക്കെ കൊടുത്തു കാലിയാക്കുന്നവനാണെങ്കിൽ മെഴുകുതിരി പോലെ നീ മറ്റുള്ളവർക്ക് വേണ്ടി ഉരുകിത്തീരും. നിനക്കായി ഒന്നുമുണ്ടാവില്ല.

മുകളിൽ വിശദീകരിച്ച ത്രിമാന മഹത്ത്വങ്ങളിൽ നിനക്കെത്താനായാൽ നിന്റെ അഭ്യുന്നതി ഒരിക്കലും അപ്രാപ്യമല്ല. നിനക്ക് സൗഖ്യവും സൗഭാഗ്യവും ഇരുലോകത്തും വന്നുചേരും. മനശ്ശാന്തിയോടെ മരണം വരിക്കും; പരലോകം സുഖപ്രദവും സുഭദ്രവും.

ഥത, ദൈവസ്നേഹം, ആശ, ഭയം) തുടങ്ങിയവ ഹൃദയത്തിൽ വേരുപിടിക്കേണ്ട ഗുണങ്ങളാണ്. ഹൃദയത്തെ മലിനപ്പെടുത്തുന്ന സ്വഭാവങ്ങളിൽ നിന്നുള്ള പിന്മാറ്റം ഉറപ്പു വരുത്തണം. അഥവാ അഹങ്കാരം, സ്വാർഥത, താൻപോരിമ, ലോകമാന്യത തുടങ്ങിയവ വെടിയണം. രണ്ടാമത്തേത് നിർബന്ധകാര്യങ്ങളിലുള്ള കൃത്യനിഷ്ഠയും ഹറാമുകൾ ത്യജിക്കലും ഇഹ്സാൻ പ്രാപിക്കാൻ അനിവാര്യമാണ് എന്നതാണ്. മൂന്നാമത്തേത് ക്വുർആൻ പരിചിന്തനമാണ്. ക്വുർആൻ ആശയഗ്രാഹ്യതയോടെ പാരായണം ചെയ്യണം. ക്വുർആൻ പഠനവും പാരായണവും ഹൃദയത്തിൽ ദൈവഭയമുണ്ടാക്കും. നാലാമത്തേത് നിരന്തര പശ്ചാത്താപമാണ്. കുറ്റങ്ങളിൽ ചെന്നുചാടുമ്പോഴെല്ലാം പശ്ചാത്തപിക്കുകയും പാപമോചനത്തിന് തേടുകയും വേണം. മേൽ പ്രതിപാതിച്ച നാലുകാര്യങ്ങൾ കാത്തുസൂക്ഷിച്ചാൽ സ്രഷ്ടാവിനോടുള്ള ബന്ധം കുറ്റമറ്റതാക്കാനാകും.

സൃഷ്ടികളോടുള്ള വ്യവഹാരങ്ങൾ നന്നാക്കാനും നാലു കാര്യങ്ങൾ സ്വായത്തമാക്കണം. ഒന്ന് അപരനോടുള്ള ആദരവാണ്. ജനം അവരെ ആദരിക്കുന്നവരെ തിരിച്ചും ആദരിക്കും. രണ്ടാമത്തേത് ഉദാര മനസ്കതയാണ്. നിർലോഭം പണം ചെലവാക്കലല്ല ഉദാരത. വൈകാരികതയിലും സമീപനങ്ങളിലും മാന്യത വേണം. മൂന്നാമത്തേത് വിട്ടുവീഴ്ചയാണ്, മറ്റുള്ളവർക്കു മാപ്പുകൊടുക്കലാണ്. ഇമാം അഹ്മദ് (റഹി) പറയുന്നു: 'സൽസ്വഭാവത്തിന്റെ പത്തിൽ ഒമ്പതു ഭാഗവും'അത്തഗാഫുൽ' അഥവാ മറ്റുള്ളവരുടെ കുറ്റങ്ങൾ നോക്കി നടക്കാതിരിക്കലാണ്.' നാലാമത്തെത് വിവേകമാണ്. ഏറ്റവും സവിശേഷമായ സ്വഭാവഗുണമാണത്. അശജ്ജ് ബിൻ അബ്ദുൽഖൈസിനോട് നബിﷺ പറഞ്ഞു: 'നിന്നിലുള്ള രണ്ടു കാര്യങ്ങൾ അല്ലാഹു ഇഷ്ടപ്പെടുന്നു; അവധാനതയും വിവേകവും.'

അലി ചെമ്മാട്
alichemmad@gmail.com

പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ 2



# പരിണാമവഴിയിലെ പ്രതിരോധ പരീക്ഷണങ്ങൾ

**Ara-3** എന്താണെന്നു വ്യക്തമാക്കേണ്ടതുണ്ട്. ലെൻസ്കി, പന്ത്രണ്ട് വ്യത്യസ്ത ഫ്ളാസ്ക്കുകളിൽ പന്ത്രണ്ട് ബാക്ടീരിയാതലമുറകളെയാണ് പരീക്ഷണത്തിന് ഉപയോഗപ്പെടുത്തുന്നത്. ഈ പന്ത്രണ്ട് ഫ്ളാസ്ക്കുകളിൽ ആറെണ്ണത്തെ Ara+1,2,3,4,5,6 എന്നും ആറെണ്ണത്തെ Ara-1,2,3,4,5,6 എന്നും വിളിക്കുന്നു. ഇതിൽ Ara-3ലാണ് 33100-ാം തലമുറയിൽ പരിണാമം ദൃശ്യമായത്.

"എന്താണു സംഭവിച്ചത്? Ara-3ൽ മാത്രം ഇത്ര പെട്ടെന്ന് അപ്രതീക്ഷിതമായ മാറ്റം സംഭവിക്കാൻ കാരണമെന്ത്? ലെൻസ്കിയും മറ്റു രണ്ടു സഹപ്രവർത്തകരും ഇക്കാര്യത്തിൽ തുടരന്വേഷണം നടത്തി കാരണം കണ്ടെത്തുകതന്നെ ചെയ്തു... പോഷകസൂപ്പിൽ ധാരാളം സിട്രേറ്റുണ്ടായിരുന്നു. എന്നാൽ ഇ-കോളി ബാക്ടീരിയകൾക്ക് സാധാരണയായി സിട്രേറ്റ് ഉപയോഗിക്കാനുള്ള കഴിവില്ല; ജലത്തിൽ ഓക്സിജന്റെ സാന്നിധ്യമുണ്ടെങ്കിൽ

വിശേഷിച്ചും. ലെൻസ്കിയുടെ ഫ്ളാസ്ക്കുകളിൽ ഓക്സിജന്റെ സാന്നിധ്യം സുലഭമായിരുന്നുവല്ലോ. അങ്ങനെയാണ് 12 ഗോത്രങ്ങളും ഗ്ലൂക്കോസ് മാത്രം സ്വീകരിച്ചു സമാനമായ തോതിൽ പ്രജനനം നടത്തിപ്പോന്നത്. എന്നാൽ പെട്ടെന്ന് ഒരു ഘട്ടത്തിൽ സിട്രേറ്റ് ഉപയോഗിക്കാൻ ശേഷിയുള്ള ഒരു ഉൽപ്പരിവർത്തനം ഫ്ളാസ്ക്കുകളിലൊന്നിൽ സംഭവിക്കുന്നു. ശരിക്കും ലോട്ടറിയടിച്ചത്പോലെ! അതെ, Ara-3 ഫ്ളാസ്ക്കിൽ തന്നെയാണത് സംഭവിച്ചത്. ഈ ഗോത്രം, ഈ ഗോത്രം മാത്രം പെട്ടെന്ന് ഗ്ലൂക്കോസിനു പുറമെ സിട്രേറ്റും ഉപയോഗിക്കാനുള്ള ശേഷി കൈവരിച്ചു. അപ്പോഴും മറ്റു ഗോത്രങ്ങളും ഗ്ലൂക്കോസ് മാത്രം ഉപയോഗിച്ച് മുന്നോട്ടുപോകുകയായിരുന്നു. അങ്ങനെ Ara-3 ഗോത്രത്തെ സംബന്ധിച്ച് പിന്നങ്ങോട്ട് ഫ്ളാസ്ക്കിൽ ലഭ്യമായ ഭക്ഷണത്തിന്റെ അളവ് ഗണ്യമായി വർധിക്കുകയും പോപ്പുലേഷൻ ഉന്നതി കൂടുതൽ ഉയരത്തിലെത്തി അവിടെ സ്ഥിരതയാർജിക്കുകയും ചെയ്തു."[14]

Ara-3 ഗോത്രത്തിൽ ഗ്ലൂക്കോസിനു പുറമെ സിട്രേറ്റ് കൂടി ഭക്ഷണമായി ഉപയോഗിക്കാൻ ഉതകുന്ന തരത്തിൽ ഉൽപ്പരിവർത്തനം നടന്നതാണ് ഈ വംശവർധവിനു കാരണമെന്ന് തുടർഖണ്ഡികയിൽ വിശദീകരിക്കുന്നുണ്ട്. വിസ്താരഭയം കാരണം അതിലേക്കു പോകുന്നില്ല.

ഇനി ഇ-കോളി ബാക്ടീരിയാ പരീക്ഷണത്തെ, അഥവാ ലോകത്ത് ഇന്നോളം ലഭ്യമാക്കിയ പരിണാമ തെളിവുകളിൽ ഏറ്റവും ഉന്നതമായ 'ശാസ്ത്ര''ജ്ഞനി'ൽ നിന്നും 'ഏറ്റവും പരിശുദ്ധമായ' പരിണാമ തെളിവിനെ പോസ്റ്റ്മോർട്ടം ചെയ്യാം. അല്ലെങ്കിൽ പരിണാമത്തിന്റെ ഹൃദയശസ്ത്രക്രിയ നടത്തി പരിണാമവിശ്വാസത്തിനു ജീവനുണ്ടോ എന്ന് പരിശോധിക്കാം...

മിഷിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രൊഫസർ റിച്ചാർഡ് ലെൻസ്കിയും കൂട്ടരും 32 വർഷം തുടർച്ചയായി നടത്തിയ, റിച്ചാർഡ് ഡോകിൻസ് അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ പരിണാമത്തെളിവായി, അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ ഹൃദയമായി ഒക്കെ പരിചയപ്പെടുത്തി പെരുപ്പിച്ചു വലുതാക്കുന്ന ഇ-കോളി ബാക്ടീരിയാ പരീക്ഷണത്തെ നമുക്കെല്ലാം ലളിതമായി മനസ്സിലാക്കാൻ പറ്റിയ രീതിയിൽ പറഞ്ഞാൽ, സാധാരണ നമ്മുടെ നാട്ടിലെ കൊച്ചുകൊച്ചു മെഡിക്കൽലാബുകളിൽ പോലും നടക്കുന്ന ബാക്ടീരിയാകൾച്ചർ മാത്രമാണത്. ഇങ്ങനെ ലളിതവൽക്കരിക്കുന്നത് ലെൻസ്കിയുടെ പരീക്ഷണത്തെയും അതിലൂടെ പരിണാമം തെളിയിച്ചേ അടങ്ങൂ എന്ന് വിഭ്രാന്തമായി പുലമ്പുന്ന 'ആജീവനാന്ത ജീവശാസ്ത്രജ്ഞൻ' എന്ന് സ്വയം സർട്ടിഫിക്കറ്റ് നൽകിയ[15] ഡോകിൻസ് എന്ന 'മഹാശാസ്ത്രജ്ഞ'നെയും നിസ്സാരവൽക്കരിക്കാനും അവഹേളിക്കാനുമല്ല. ഈ പരീക്ഷണം പോലെയുള്ള, അല്ലെങ്കിൽ അതിലേറെ സങ്കീർണമായ ബാക്ടീരിയാ പരീക്ഷണങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ പോലും സർവസാധാരണമാണ് എന്ന് നമുക്ക് സ്വയം ബോധ്യപ്പെടാൻ മാത്രമാണ്.

ഗ്രന്ഥത്തിൽ പറഞ്ഞ കാര്യങ്ങൾ ഓരോന്നായി പരിഗണിച്ചു പരിണാമ തെളിവുകൾ ബോധ്യപ്പെടാം... എല്ലാ പ്രശ്നങ്ങളും പരിഗണിക്കുന്നില്ല. വളരെ പ്രസക്തമായ കാര്യങ്ങളെ പരിഗണിക്കുന്നുള്ളൂ. പലതും അവഗണിക്കുകയാണ്. നാം ഇവിടെ ഉദ്ധരിച്ച ഭാഗങ്ങളിലെ ചില കാര്യങ്ങൾ നോക്കുക: "ഉൽപ്പരിവർത്തനം വളരെ അപൂർവമാണെങ്കിലും ഇ-കോളിയുടെ എണ്ണം വളരെ വലുതായതിനാൽ ഇടയ്ക്കിടെയുള്ള ഇത്തരം പരിണാമവ്യതിയാനങ്ങളിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇരട്ടിക്കലിലൂടെ പുതുതലമുറകൾ സൃഷ്ടിക്കപ്പെടുമ്പോൾ എതെങ്കിലുമൊരു ജീൻ ഉൽപ്പരിവർത്തനത്തിന് വിധേയമാകാനുള്ള സാധ്യത നൂറുകോടിയിൽ ഒന്ന് എന്ന തോതിൽ പരിമിതപ്പെടുത്തിയാലും ലഭ്യമായ ഇ-കോളി ബാക്ടീരിയകളുടെ എണ്ണം അതിഭീമമായതിനാൽ അതിന്റെ ജിനോമിലുള്ള മുഴുവൻ ജീനുകളും ദിനംതോറും ലോകത്ത് എവിടെയെങ്കിലും വച്ച് ഉൽപ്പരിവർത്തനത്തിന് വിധേയമാകുന്നുണ്ട്."






പരിണാമത്തിന്റെ ചാലകശക്തിയായി നിയോഡാർവിനിസ്റ്റുകൾ എടുത്തുകാട്ടുന്നത് ഉൽപ്പരിവർത്തനമാണ്. മ്യൂട്ടേഷൻ മാത്രമാണ് പരിണാമചാലകശക്തി എന്നാണ് എല്ലാ നിയോഡാർവിനിസ്റ്റുകളും അവകാശപ്പെടുന്നത്. ഡോകിൻസും അവകാശപ്പെടുന്നത് അതുതന്നെയാണ്. അദ്ദേഹം പറഞ്ഞത്, ഇ-കോളി ബാക്ടീരിയകളുടെ എല്ലാ ജീനുകളും ഉൽപ്പരിവർത്തനം വഴി ദിനേന മാറ്റപ്പെടുന്നുണ്ട് എന്നാണല്ലോ. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ഇന്നേവരെ ഒരു ഇ-കോളി ബാക്ടീരിയയെങ്കിലും മറ്റേതെങ്കിലും ബാക്ടീരിയയായിപ്പോലും പരിണമിക്കാത്തത്? പോട്ടെ, അതിന്റെ ചലനമാർഗമായ ഫ്ളോജെല്ലം മോട്ടോറിന് പകരം മറ്റൊരു സംവിധാനമെങ്കിലും പരിണമിച്ചു വരാത്തത് എന്തുകൊണ്ട്? മനുഷ്യപരിണാമത്തിലെ ഏറ്റവും വലിയ മാറ്റം മനുഷ്യനെ ഇരുകാലിജന്തുവാക്കിയതാണ്. പരിഭാഷകൻ മുഖവുരയിൽ പരിചയപ്പെടുത്തിയത് മറക്കാതിരിക്കുക: "സ്ഥൂല പരിണാമവും (Macro evolution) അനുഭവഭേദ്യമാണെന്നു തെളിയിക്കാനാണ് ലെൻസ്കിയുടെ പരീക്ഷണം ഡോകിൻസ് പ്രത്യേകം പരാമർശിക്കുന്നത്." അക്കാര്യം ഡോകിൻസും സൂചിപ്പിക്കുന്നു: "ദീർഘമായ ഭൗമശാസ്ത്ര കാലത്തിൽ അനേകം തലമുറകൾ ഉൾകൊള്ളുന്ന ഇത്തരം വികാസപരിണാമങ്ങൾ പലകുറി അരങ്ങേറുന്നുണ്ട്. വേഗം തീരെ കുറവാണെന്ന് മാത്രം. രണ്ടിടത്തും അരങ്ങേറുന്ന പ്രക്രിയ തത്ത്വത്തിൽ ഒന്നുതന്നെ. പക്ഷേ, കണ്ണഞ്ചിപ്പിക്കുന്ന വേഗമാണ് ബാക്ടീരിയകളുടെ കാര്യത്തിൽ എന്ന് മാത്രം."

ഈ പരീക്ഷണത്തിലൂടെ എന്ത് 'സ്ഥൂലപരിണാമ തെളിവാ'ണ് കണ്ടെത്തിയത്? ഇ-കോളി ബാക്ടീരിയകളിൽ എന്ത് കാതലായ പരിണാമമാണ് നടന്നത്? കൃത്യമായിപ്പറഞ്ഞാൽ ഒന്നും സംഭവിച്ചിട്ടില്ല. ഇനിയും അക്കാര്യം തുടർചർച്ചയിൽ വ്യക്തായി ബോധ്യപ്പെടാം.


എടുത്തുപറഞ്ഞ ആദ്യപരിണാമം "ഗ്ലൂക്കോസ് സുഭിക്ഷതയും പട്ടിണിയും മാറിമാറി വരുന്ന ഫ്ളാസ്ക്കുകൾക്കുള്ളിലെ വെല്ലുവിളി നിറഞ്ഞ സവിശേഷ പരിസ്ഥിതിയിൽ 'ശരീരവലിപ്പം വർധിപ്പിക്കുക' എന്നത് അതിജീവനത്തിന് സഹായകരമായ ഒരു മാറ്റമാണ്" എന്നതാണ്.

ശരീരവലിപ്പം വർധിക്കുക എന്നത് തീർച്ചയായും പരിഗണനീയ പ്രശ്നം തന്നെയാണ്. അത് കേട്ടപ്പോൾ ഓർമ മുപ്പത്തിയഞ്ച്-നാൽപത് കൊല്ലം പിന്നോട്ട് പായുകയാണ്. അന്ന് നാട്ടിലെ പ്രധാനരോഗങ്ങളുടെ പട്ടികയിൽ ക്ഷയവും വിളർച്ചയും ഒക്കെയായിരുന്നു പ്രധാന വില്ലന്മാർ. വയറുതള്ളി, നെഞ്ചെല്ല് പൊന്തി, നിതംബം തീരെയില്ലാതെ, ഈർക്കിൽ വണ്ണത്തിലുള്ള കൈകാലുകളുമായി ദീനമായി കുഴിഞ്ഞ കണ്ണുകളുള്ള, ശരീരത്തിന് യോജിക്കാത്ത വലിപ്പമുള്ള തലയും ചുമന്നു നിരവധി മനുഷ്യക്കുഞ്ഞുങ്ങൾ; അതൊരു ദയനീയകാഴ്ച തന്നെയായിരുന്നു. അന്ന് തിരൂരങ്ങാടി സർക്കാർ ആശുപത്രിയിൽ (താലൂക്കാശുപത്രി) ക്ഷയരോഗ വാർഡ് പ്രത്യേകമായിരുന്നു. പിന്നീടെപ്പോഴോ അത് കൗൺസിലിംഗ് സെന്ററായി. ഇപ്പോഴത് കാലത്തിനൊത്ത് ജീവിതശൈലീരോഗ ക്ലിനിക്കായി പരിണമിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിയിൽ പുതുതായി ഡയാലിസ് യൂണിറ്റ് നിലവിൽവരികയും ചെയ്തു. തിരൂരങ്ങാടിയിൽ തന്നെ രണ്ട് ഡയാലിസിസ് കേന്ദ്രമുണ്ട്. പുലർച്ചെ പുറത്തിറങ്ങിയാൽ ദുർമേദസ്സ് കുറയ്ക്കാൻ നടക്കാനും ഓടാനുമിറങ്ങിയവരെകൊണ്ട് പൊതുവഴികളും പാർക്കുകളും കടൽതീരവും നിറയുകയാണ്. ഈ കൊറോണാ ഭീതിയിലും പ്രഭാതസവാരിക്കിടയിൽ കൊച്ചിയിൽ 42 നടത്തക്കാരെ പോലിസ് പൊക്കിയത് വാർത്തയായിരുന്നു. ഇന്നിന്റെ പ്രധാനരോഗങ്ങൾ പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദം, ഹൃദ്രോഗം, വൃക്കരോഗങ്ങൾ തുടങ്ങിയവയാണ്. ഇവയെല്ലാം തന്നെ ജീവിതശൈലീ രോഗങ്ങളാണ്. എല്ലാറ്റിനും പ്രധാനകാരണം അതിഭക്ഷണവും അമിതപോഷണവും കാരണം കെട്ടിക്കിടക്കുന്ന കൊഴുപ്പ് തന്നെ. മറ്റൊരു കാര്യം 1970കളിലെ മനുഷ്യന്റെ ശരാശരി ആയുസ്സ്

70.8 വർഷമായിരുന്നെങ്കിൽ 2010കളിൽ അത് 78.7 വർഷമാണ്.[16] ആയുസ്സ് വർധനവിന് കാരണവും പോഷകാഹാര ലഭ്യതയുടെ വർധനവ് തന്നെയാണ്.

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമൂഹങ്ങൾ നേരിടുന്ന ഒരു ആരോഗ്യപ്രശ്നമാണ് പൊണ്ണത്തടി. അതിന്റെ കാരണവും അതിഭക്ഷണവും അമിതപോഷണവും തന്നെ. അതേ ലോകത്തുതന്നെയാണ് ആയിരങ്ങൾ പട്ടിണിമൂലം മരിക്കുന്നതും; ലോകത്താകമാനം ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ പകുതിയും കുപ്പത്തൊട്ടിയിൽ തള്ളുന്നു! ലോകത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ പകുതിയും നശിപ്പിച്ചു കളയുക്കയാണ്. അമേരിക്കയിൽ ശരാശരി ഭക്ഷ്യോൽപാദനത്തിന്റെ 40 ശതമാനം വരെ, അതായത് ഒരു വ്യക്തി പ്രതിദിനം 600ഗ്രാം ഭക്ഷണം നശിപ്പിച്ചു കളയുന്നുവെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ ഉപഘടകമായ 'United Nations Environment Programme'ന്റെ വെബ്സൈറ്റിൽ വ്യക്തമാക്കുന്നു.[17]

(എന്നാൽ ലോകം മറ്റൊരു പാതയിലേക്കാണ് വഴുതിവീഴുന്നത്. കോറോണാനന്തരലോകം എങ്ങോട്ട് പോകുന്നുവെന്ന യു.എൻ റിപ്പോർട്ട് 09/04/2020ലെ പത്രത്തിലുണ്ട്. ഇന്ത്യയിൽ മാത്രം 40 കോടി മനുഷ്യർ ദാരിദ്ര്യത്തിലേക്ക് പോകുമെന്ന ഭീകരവാർത്തായണത്. ഇന്ത്യക്ക് കൊറോണ, കൂനിന്മേൽകുരുവാണ്. ഇന്ത്യൻ സമ്പദ്വ്യവസ്ഥക്ക് നോട്ട്നിരോധനവും ഗോവധനിരോധനവും ഏൽപിച്ച ആഘാതത്തിനു പുറത്താണ് കൊറോണ ദുരന്തം. ഇങ്ങനെ പോയാൽ മനുഷ്യായുസ്സും ഉയരവും തൂക്കവും വീണ്ടും കുറഞ്ഞേക്കാം).



ഇത്തരം സാധാരണ സംഭവങ്ങളെ ഉൽപ്പരിവർത്തനം, പ്രകൃതിനിർധാരണം തുടങ്ങിയ ഓമനപ്പേരിട്ട് വിളിക്കുന്നതിനെ മിതമായ ഭാഷയിൽ ഗതികേട് എന്നേ വിളിക്കാൻ നിർവാഹമുള്ളൂ! ഡോകിൻസ് തന്നെ ഒരു സ്ഥിതിവിവരക്കണക്ക് നൽകുന്നു: '20ാം നൂറ്റാണ്ടിലെ വർഷാവർഷമുള്ള 20 വയസ്സുകാരുടെ ഉയരം സംബന്ധിച്ച് ഒരു ഗ്രാഫ് ഉണ്ടാക്കുകയാണെങ്കിൽ പലരാജ്യങ്ങളിലും ഇക്കാലത്ത് ശരാശരി ഉയരം വർധിച്ചു വരുന്നതായിക്കാണാം. പലരാജ്യങ്ങളിലും ഉയരം വർധിക്കാനുള്ള പ്രവണത ഉണ്ടെന്നാണ് ഇവിടെ തെളിയുന്നത്. പക്ഷേ, ഇതൊരു പരിണാമപ്രവണതയായിട്ടല്ല; മറിച്ച് മെച്ചപ്പെട്ട പോഷകങ്ങളുടെ ലഭ്യതയുടെ സൂചനയായിട്ടാണ് പരിഗണിക്കാറ്"[18]

ശരാശരി ആയുസ്സ് 70 വർഷവും ഒരു തലമുറ ശരാശരി 22.5 വർഷവുമുള്ള മനുഷ്യന് പതിറ്റാണ്ടുകൾക്കിടയിൽ തന്നെ ശരാശരി ആയുസ്സും ഉയരവും വർധിക്കുന്നു. ഇതിന് കാരണം പോഷകലഭ്യതയുടെ വർധനവും. 'അതുപോലെ' കേവലം മണിക്കൂറുകൾക്കിടയിൽ കോശവിഭജനത്തിലൂടെ നിരന്തരം തലമുറകൾ പുതുക്കിക്കൊണ്ടിരിക്കുന്ന ബാക്ടീരിയാതലമുറകളിൽ പതിറ്റാണ്ടുകൾക്കിടയിൽ ആയിരക്കണക്കിന് തലമുറകൾ പിന്നിട്ടപ്പോൾ പോഷകലഭ്യതയുടെ ആധിക്യം കാരണം തന്നെ ശരീരവലുപ്പം കൂടി എന്നത് ഉൽപ്പരിവർത്തനത്തിനും പ്രകൃതിനിർധാരണത്തിനും അതിലൂടെ സ്ഥൂലപരിണാമത്തിനും ആവശ്യത്തിലേറെ തെളിവ്! മഹാത്ഭുതം തന്നെ ഈ 'മഹത്തായ' തെളിവുകൾ! എന്നാൽ മനുഷ്യരിലെ ഈ മാറ്റങ്ങളോ?

അടുത്തതായി 31000 തലമുറകൾ പിന്നിട്ടപ്പോൾ സംഭവിച്ച മഹത്തായ 'പരിണാമം' പരിഗണിക്കുക. "എന്നാൽ പെട്ടെന്ന് ഒരു ഘട്ടത്തിൽ സിട്രേറ്റ് ഉപയോഗിക്കാൻ ശേഷിയുള്ള ഒരു ഉൽപ്പരിവർത്തനം ഫ്ളാസ്ക്കുകളിലൊന്നിൽ സംഭവിക്കുന്നു. ശരിക്കും ലോട്ടറിയടിച്ചത് പോലെ! അതെ, Ara-3 ഫ്ളാസ്ക്കിൽ തന്നെയാണത് സംഭവിച്ചത്. ഈ ഗോത്രം, ഈ ഗോത്രം മാത്രം, പെട്ടെന്ന് ഗ്ലൂക്കോസിനു പുറമെ സിട്രേറ്റും ഉപയോഗിക്കാനുള്ള ശേഷി കൈവരിച്ചു."

Ara-3 താവഴിയിൽ ഉൽപ്പരിവർത്തനത്തിലൂടെ ഉണ്ടായ പരിണാമം സിട്രേറ്റ് കൂടി ഭക്ഷണമായി സ്വീകരിക്കുകയും ഫ്ളാസ്ക്കിൽ ലഭ്യമായ ഭക്ഷണത്തിന്റെ അളവ് ഗണ്യമായി വർധിക്കുകയും പോപ്പുലേഷൻ ഉന്നതി കൂടുതൽ ഉയരത്തിലെത്തി അവിടെ സ്ഥിരതയാർജിക്കുകയും ചെയ്തതാണ്. അതിനുള്ള കാരണവും മുകളിൽ നാം വായിച്ചു.

എന്താണാ പരിണാമതെളിവ്? അതുകൂടെ വിലയിരുത്താം. അതിനും തുടക്കം ഡോകിൻസ് തന്നെ നടത്തട്ടെ. അപ്പോഴേ ഈ പരീക്ഷണത്തിന്റെയും ഉൽപ്പരിവർത്തനത്തിലൂടെ നേടിയ പരിണാമത്തിന്റെയും അതിശയിപ്പിക്കുന്ന പ്രോജ്ജ്വലത കൃത്യമായി ബോധ്യപ്പെടൂ! ഡോകിൻസിലേക്ക്: "ആൻറിബയോട്ടിക് മരുന്നുകൾക്കെതിരെ വളരെ കുറഞ്ഞകാലത്തിനുള്ളിൽ പ്രതിരോധശേഷി നേടിയെടുത്ത നിരവധി ബാക്ടീരിയകളുണ്ട്. അടുത്തിടെ, അതായത് രണ്ടാം ലോകയുദ്ധകാലത്താണ് ഫ്ളോറിയും ചുഇനും (Flory and Chuin) ചേർന്ന് ആദ്യ ആന്റിബയോട്ടിക്കായ പെൻസിലിൻ വികസിപ്പിച്ചെടുത്തത്. ശേഷം പല നവീന ഔഷധങ്ങളും രംഗത്തെത്തി. ഇവയുമായി ബന്ധപ്പെട്ട ബാക്ടീരിയയെല്ലാം തന്നെ പ്രതിരോധശേഷി കൈവരിക്കുന്നതാണ് പിന്നീട് നാം കണ്ടത്."(19)



ഡോകിൻസിയൻ കൃതിയുടെ ഹൃദയഭാഗത്തിൽ പരാമർശിച്ച ലെൻസ്കിയുടെ ദീർഘകാല ബാക്ടീരിയാ പരീക്ഷണവും ഡോകിൻസിന്റെ ഈ പ്രസ്താവനയും മുൻ ഉദ്ധരണികളും ചേർത്ത് വായിച്ചാൽ, ബാക്ടീരിയകൾ ആന്റിബയോട്ടിക് മരുന്നുകൾക്കെതിരെ നേടുന്ന പ്രതിരോധശേഷി പരിണാമമാണെന്ന് പരീക്ഷണാത്മകമായി തെളിയിക്കുകയാണ് ലെൻസ്കിയും കൂട്ടരും ചെയ്തത്! ഈ കണ്ടുപിടുത്തം അപാരം തന്നെ!

നമ്മുടെ പ്രപിതാക്കൾ ഒരു പാരസെറ്റാമോൾ ടാബ്ലറ്റ് കഴിച്ചിരുന്നെങ്കിൽ അവർ പിടഞ്ഞുവീണു മരിച്ചുപോകുമായിരുന്നു എന്ന് പറയാറുണ്ട്. ഇതോടുകൂടെ നിത്യജീവിതത്തിൽ നാം അറിയുന്ന ചില വസ്തുതകൾ; ഏതാനും പതിറ്റാണ്ടുകൾക്കിടയിൽ നാം അനുഭവിച്ച കാര്യങ്ങൾ കൂടെ വിശകലനം ചെയ്യുക. ഇന്ന് നവജാത ശിശുക്കൾക്കുവരെ പാരസെറ്റാമോളോ അതുപോലെയുള്ള മറ്റു വേദനസംഹാരികളോ ആന്റിബയോട്ടിക്കുകളോ നൽകാൻ നാം തയ്യാറാകുന്നു. അതുപോലെ പ്രസവിച്ചു ആദ്യദിനങ്ങളിൽ തന്നെ പ്രതിരോധകുത്തിവയ്പുകൾ തുടങ്ങുന്നു. പക്ഷേ, അതൊന്നും പ്രത്യക്ഷത്തിൽ ആർക്കും ഒരു പ്രശ്നവും സൃഷ്ടിക്കുന്നില്ല. കേരളത്തിൽ ശാസ്ത്രീയ കൃഷിവിപ്ലവത്തിന്റെ കാലമായിരുന്നു 1970-80 കാലഘട്ടം. രാസവളങ്ങളും കീടനാശിനികളും ആധുനിക കൃഷിരീതിയും നവീനവിത്തിനങ്ങളും എല്ലാം എല്ലാമായി അരങ്ങേറിയ മഹാവിപ്ലവം. ചാഴി, തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു തുടങ്ങി നിരവധിയിനം കീടങ്ങൾക്കെതിരെ വ്യത്യസ്ത തരം കീടനാശിനികളുമായി നാം തുറന്ന യുദ്ധം നടത്തി. ആത്യന്തിക ഫലം നാം കീടങ്ങളോടു തോറ്റ് ആയുധം വച്ച് കീഴടങ്ങിയത് മാത്രം. മാത്രമല്ല മണ്ണിന്റെ നൈസർഗികഗുണവും ഫലപൂയിഷ്ഠതയും പ്രതിരോധശേഷിയും നഷ്ടപ്പെട്ടു മണ്ണും മനസ്സും മേനിയും വിഷലിപ്തമായി. ഇപ്പോൾ പ്രകൃതികൃഷികളിലേക്ക് തിരിച്ചുപോകാനുള്ള ശ്രമങ്ങളാരംഭിച്ചു. ഇതെല്ലാം പരിണാമ തെളിവുകളുടെ ഭണ്ഡാരത്തിൽ നിക്ഷേപിക്കാമായിരുന്നു. മനുഷ്യന്റെ പ്രതിരോധശേഷിയിലും ഇത്തരം പല പ്രശ്നങ്ങളുമുണ്ട്. മുമ്പ് പരിചയമില്ലാത്ത ക്യാൻസർ, ചർമ, ഉദര, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയയെല്ലാം പരിണാമതെളിവുകളാക്കാൻ മറന്നുപോയതാണോ? **(അവസാനിച്ചില്ല)**

14. ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ, പേജ് 172,173
15. അതേ പുസ്തകം, പേജ് 218.
16. http://www.infoplease.com/ipa/A0005148. html
17. http://www.worldfooddayusa.org/food_waste_the_ facts
18. ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ, പേജ് 155
19 അതേ പുസ്തകം, പേജ് 177

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# 'ദക്ഷിണ'യും അന്ധവിശ്വാസങ്ങൾക്ക് കുടപിടിക്കുന്നുവോ?

ഉസ്താദ് വി.എം മൂസാ മൗലവിയുടെ പത്രാധിപത്യത്തിൽ ദക്ഷിണകേരള വിഭാഗം പുറത്തിറക്കുന്ന 'അന്നസീം' ദ്വൈവാരികയുടെ 2020 മാർച്ച് ആദ്യലക്കത്തിന്റെ ചില പേജുകൾ കാണാനിടയായി. ഒരു സഹോദരൻ നിജസ്ഥിതിയന്വേഷിച്ചുകൊണ്ട് അയച്ചുതന്നതാണ് പ്രസ്തുതഭാഗങ്ങൾ. ഒന്നാമത്തെ ലേഖനത്തിന്റെ തലക്കെട്ട് 'ഖബ്റാളികൾ സന്തോഷിക്കും' (പേജ്: 41) എന്നും രണ്ടാമത്തേതിന്റേത് 'മഖാമുകൾ ശാന്തി തീരങ്ങൾ' എന്നുമാണ്. ഇവ രണ്ടും വായിച്ചു നോക്കിയപ്പോൾ താരതമ്യേന കുഴപ്പമില്ലാത്ത വിഭാഗമെന്ന് കരുതിയിരുന്ന 'ദക്ഷിണകേരള'യുടെ തനിനിറമാണ് വെളിവായത്. ഇക്കൂട്ടർ അഹ്ലുസ്സുന്നയുടെ ആദർശങ്ങൾക്ക് കടകവിരുദ്ധമായ വിശ്വാസങ്ങളും ആദർശങ്ങളും വച്ചുപുലർത്തുന്നവരും അന്ധവിശ്വാസങ്ങളുടെ പ്രചാരകരുമാണെന്ന തിരിച്ചറിവാണ് അത് എന്നിലുണ്ടാക്കിയത്. അങ്ങേയറ്റം ദുർബലമായ ഹദീഥുകൾ തങ്ങളുടെ പിഴച്ച ആശയങ്ങൾക്ക് തെളിവായി ഉദ്ധരിച്ചും ഇമാമീങ്ങളുടെ ഉദ്ധരണികൾ പൂർവാപര ബന്ധങ്ങൾ വേർപെടുത്തി പാമരജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്ന ഗുരുതരവുമായ അപരാധങ്ങളാണ് അതിൽ ദർശിക്കാനായത്.

ഒന്നാമത്തെ ലേഖനത്തിൽ 'ഖബ്റാളികളെ സന്തോഷിപ്പിക്കാനായി' വെള്ളിയാഴ്ച ദിവസം ഖബ്ർ സിയാറത്തു ചെയ്യാൻ പ്രേരിപ്പിച്ച് എഴുതിയതിന് തെളിവായിക്കൊടുത്തിരിക്കുന്നത് താഴെ പറയുന്ന ഹദീഥാണ്:

"ദുൻയാവിൽ വെച്ച് പരിചയമുണ്ടായിരുന്ന ഏതൊരാളുടെ ഖബ്റിന്നരികിലൂടെ ഒരാൾ കടന്നുപോകുകയും അയാൾക്ക് സലാം പറയുകയും ചെയ്താൽ പ്രസ്തുത ഖബ്റാളി അദ്ദേഹത്തെ തിരിച്ചറിയുകയും സലാം മടക്കുകയും ചെയ്യാതിരിക്കുകയില്ല" (ഇബ്നു അസാകിർ, ദൈലമി).

ഈ ഹദീഥിന്റെ ദുർബലത പണ്ഡിതന്മാർ വിശദമാക്കിയിട്ടുണ്ട്. വിശദവിവരത്തിന് 'സിൽസില ദഈഫ' 4493ാം നമ്പർ ഹദീഥും വിശദീകരണവും കാണുക. (9/475).

ഈ വിഷയം ഉദ്ധരിക്കുന്ന ഹദീഥിന്റെ പരമ്പര അങ്ങേയറ്റം ദുർബലവും കണ്ണിമുറിഞ്ഞതും (മുൻഖതിഅ്) ആണെന്ന് പണ്ഡിതന്മാർ വിശദീകരിക്കുമ്പോൾ ഇബ്നുഅബ്ബാസിﷺൽ നിന്നും ഉദ്ധരിക്കുന്ന ഹദീഥ് സ്ഥിരപ്പെട്ടതാണെന്നാണ് ചില പണ്ഡിതന്മാരുടെ വീക്ഷണം. ഇബ്നുഅബ്ദിൽബർറ്(റഹി), ഇബ്നു തൈമിയ(റഹി) മുതലായവർ ഈ വീക്ഷണക്കാരാണ്.

എന്നാൽ ഇവരാരും ഇതിനെ തെളിവാക്കി ഖബ്റിങ്കൽ പോയി ക്വുർആൻ ഓതുന്നതിനെയും പ്രത്യേക ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനെയും അനുകൂലിക്കുന്നവരായിരുന്നില്ല. എന്നുമാത്രമല്ല നബിﷺയുടെ സ്വഹാബത്തോ താബിഈങ്ങളോ ഇമാമീങ്ങളോ ആരും ചെയ്യാത്ത കാര്യമാണെന്നും നന്മയായിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നു എന്നും പ്രത്യേകം രേഖപ്പെടുത്തുന്നു. (ഇബ്നു തൈമിയയുടെ ജാമിഉൽ മസാഇൽ 3/132).

ദീനിൽ പഠിപ്പിക്കപ്പെട്ട ഖബ്ർ സിയാറത്ത് സന്ദർശകർ ഖബ്റാളിക്ക് സലാം പറയലും അയാൾക്ക് വേണ്ടി പടച്ചവനോട് ദുആ ചെയ്യലുമാണ്. അതിൽ നിന്ന് വ്യത്യസ്തമായി ഖബ്റിടങ്ങളെ ആരാധനാ സ്ഥലങ്ങളാക്കലും ശിർക്കൻ പ്രവൃത്തികൾ ചെയ്യലും നിഷിദ്ധമാണെന്നതിൽ ഇസ്‌ലാമിക പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലായെന്നും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ വ്യക്തമാക്കിയിട്ടുണ്ട്. (ജാമിഉൽ മസാഇൽ 5/367).

സത്യവിശ്വാസിയായ ഒരു ഖബ്റാളിക്ക് അഥവാ മരണപ്പെട്ട വ്യക്തിക്ക് വേണ്ടി ഒരു വിശ്വാസി അല്ലാഹുവിനോട് പ്രാർഥിച്ചാൽ ആ പ്രാർഥിക്കുന്ന വ്യക്തിക്ക് അല്ലാഹു പ്രതിഫലം നൽകും; മയ്യിത്ത് നമസ്കാരം നിർവഹിച്ചതിന് പ്രതിഫലം നൽകുമെന്നതുപോലെ. എന്നാൽ മതം അംഗീകരിച്ച ഖബ്ർ സിയാറത്തിൽ ജീവിച്ചിരിക്കുന്ന വ്യക്തിക്ക് മരണപ്പെട്ട വ്യക്തിയിൽ നിന്ന് യാതൊരാവശ്യവും നേടാനില്ല. ഖബ്റാളിയോട് വല്ലതും തേടലോ അയാളെ തവസ്സുലാക്കുന്ന രീതിയോ ഇല്ല. മറിച്ച് ജീവിച്ചിരിക്കുന്ന വ്യക്തി പ്രസ്തുത ഖബ്റാളിക്ക് വേണ്ടി റബ്ബിനോട് തേടുകവഴി രണ്ടുകൂട്ടർക്കും ഗുണമാണുള്ളത്. എന്നാൽ നബിയുടെയോ വലിയ്യിന്റെയോ ഖബ്റിങ്കൽ പോയി അവരോട് സഹായം തേടുന്ന രീതി വ്യക്തമായ ശിർക്കാണെന്നും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹി) രേഖപ്പെടുത്തുന്നു. (സിയാറത്തുൽ ക്വുബൂർ-ഇബ്നു തൈമിയ, പേജ്: 16,17).

ഈ വസ്തുതകളെല്ലാം മറച്ചുവച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയയും ഇബ്നുൽ ക്വയ്യിമുമൊക്കെ തങ്ങളെപ്പോലെ ഇത്തരം അനാചാരങ്ങളെ അംഗീകരിക്കുകയും താലോലിക്കുകയും ചെയ്തിരുന്നവരായിരുന്നു എന്ന് വരുത്തിത്തീർക്കാനുള്ളശ്രമം തികച്ചും ഹീനവും അന്യായവുമാണ്.

ഇസ്‌ലാം അംഗീകരിച്ച ഖബ്ർ സിയാറത്തിന്റെ ലക്ഷ്യമായി മരണചിന്തയുണ്ടാകുന്നതും പരലോക ചിന്തയുണർത്തുന്നതുമൊക്കെയായിട്ടാണ് നബിﷺ പഠിപ്പിച്ചത്. എന്നാൽ പൗരോഹിത്യത്തിന്റെ ഖബ്ർ സിയാറത്ത് ആത്മീയ ചൂഷണത്തിന്റെയും ശിർക്കിന്റെയും ബിദ്അത്തിന്റെയും പ്രകടരൂപങ്ങളാണ്. സുന്നത്തനുസരിച്ചുള്ള ഖബ്ർ സന്ദർശനം സമൂഹത്തെ പഠിപ്പിക്കുന്നതിന് പകരം തട്ടിപ്പിന്റെയും ചൂഷണത്തിന്റെയും മതവിരുദ്ധമായ സിയാറത്തിനാണ് ഇത്തരക്കാർ എന്നും പ്രേരിപ്പിക്കാറുള്ളത്.

അതുകൊണ്ടാണ് 'മഖാമുകൾ ശാന്തി തീരങ്ങൾ' എന്ന തലക്കെട്ടിൽ അനാചാരങ്ങളുടെ കുത്തകയായ മഖാമുകളിലേക്ക് പാമര ജനങ്ങളെ തെളിച്ചുകൊണ്ടുപോകാനായി ദക്ഷിണയുടെ ഔദ്യോഗിക പ്രസിദ്ധീകരണവും പേജുകൾ മാറ്റിവച്ചത്. അതിന് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയയെ കൂട്ടുപിടിച്ചതും ഏറെ വിചിത്രമാണ്. കുറിപ്പുകാരൻ തന്റെ കുറിപ്പ് അവസാനിപ്പിക്കുന്നത് ഇങ്ങനെ പറഞ്ഞിട്ടാണ്: "ഇബ്നു തൈമിയയുടെ മേൽവിവരണങ്ങൾ ശാന്തമായി വായിക്കുന്ന ഏതൊരാൾക്കും സിയാറത്ത് കൊണ്ടുള്ള നേട്ടങ്ങളും മഹാന്മാരുടെ മഖാമുകളിൽ എത്തി അവിടെ കഴിച്ചുകൂട്ടുന്നതിനാൽ ലഭിക്കുന്ന ഗുണമേന്മകളും വ്യക്തമായി മനസ്സിലാക്കാം. ഇതൊക്കെ പക്ഷേ, അദ്ദേഹത്തെ വായിക്കുകയും പിന്തുടരുകയും ചെ

യ്യുന്ന ആളുകൾക്ക് മനസ്സിലാകുന്നില്ല. അവർ ഇതെല്ലാം അന്ധമായി തള്ളിപ്പറയുന്നവരാണ്. യഥാർഥത്തിൽ ആദ്യകാലം മുതൽക്ക് നിലനിന്നുവരുന്ന മേൽ ആശയങ്ങൾ സത്യമാണ്. ഇതാണ് നമ്മുടെ വഴി" (അന്നസീം ദ്വൈവാരിക, 2020 മാർച്ച്).

ഈ വരികളിലൂടെ എന്തൊക്കെയാണ് ഇക്കൂട്ടർ വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത്? ക്വബ്ർ വ്യവസായങ്ങളെ താലോലിക്കുന്ന ഇക്കൂട്ടർക്ക് നബിﷺയുടെ സ്വഹാബത്തിന്റെയും മഹാന്മാരായ ഇമാമീങ്ങളുടെയും എന്ത് മാതൃകയാണിതിനൊക്കെ ഉദ്ധരിക്കാനാവുക?

ക്വബ്റുകൾ കെട്ടിയുയർത്തുന്നതും അതിൻമേൽ പോയി ഇരിക്കുന്നതും വിലക്കിയ നബിﷺയുടെ അധ്യാപനങ്ങൾ ഇവർ കാണാതെപോകുന്നതെന്തുകൊണ്ടാണ്?

ജാബിർ(റ) പറയുന്നു: "ക്വബ്ർ കുമ്മായം(സിമന്റ്) ഇടുന്നതും അതിന്മേലിരിക്കുന്നതും അതിന്മേൽ കെട്ടിടമുണ്ടാക്കുന്നതും നബിﷺ വിരോധിച്ചിരിക്കുന്നു" (സ്വഹീഹു മുസ്‌ലിം).

അബൂദാവൂദി(റഹി)ന്റെ റിപ്പോർട്ടിൽ "അതിന്മേൽ എഴുതിവെക്കുന്നതും വിരോധിച്ചു" എന്നുകൂടിയുണ്ട്.

'മഖാമുകൾ ശാന്തിതീരങ്ങൾ' എന്ന് പറഞ്ഞ് അവിടേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നവർ മൂന്ന് സ്ഥലങ്ങളിലേക്കല്ലാതെ പുണ്യതീർഥാടനം പാടില്ലെന്ന പ്രവാചക വചനവും അറിയാത്തവരാണോ?

അബൂഹുറയ്റ(റ) പറയുന്നു; നബിﷺ പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ യാത്രകെട്ടി പുറപ്പെടാൻ പാടുള്ളതല്ല. മസ്ജിദുൽ ഹറം, പ്രവാചകന്റെ മദീനത്തെ പള്ളി, മസ്ജിദുൽ അക്വ്സ (എന്നിവയാണ് ആ മൂന്ന് പള്ളികൾ)" (സ്വഹീഹുൽ ബുഖാരി, സ്വഹീഹു മുസ്‌ലിം).

ഇവർ പഠിപ്പിക്കുന്ന ആദർശം നബിﷺയുടെയും സ്വഹാബത്തിന്റേതുമല്ല, പ്രത്യുത ക്വബ്ർപൂജകരാരായ ശിയാക്കളുടെതാണെന്ന് തിരിച്ചറിയുക!

## എന്താണ് ഇബ്നുതൈമിയ പറഞ്ഞത്?

മഹാന്മാരുടെ ക്വബ്റിടങ്ങളിൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങും, സജ്ജനങ്ങളെ ആദരിച്ചുകൊണ്ട് കറാമത്തുകൾ പലതും അവിടങ്ങളിലുണ്ടാവാം എന്നൊക്കെ ഇബ്നുതൈമിയ പറഞ്ഞിട്ടുണ്ടെന്ന് ഉദ്ധരിച്ച് തങ്ങളുടെ ക്വബ്ർ പൂജയെ ഇബ്നുതൈമിയയും അനുകൂലിച്ചിട്ടുണ്ട് എന്ന് വരുത്തിത്തീർക്കാനാണ് ഈ വിഭാഗം ശ്രമിക്കുന്നത്.

സച്ചരിതരായ മനുഷ്യരെ മരണാനന്തരവും അല്ലാഹു ആദരിക്കുമെന്നതിൽ ആർക്കാണ് എതിരഭിപ്രായമുള്ളത്? എന്നാൽ അതിന്റെ പേരിൽ നാം അവരുടെ ക്വബ്റുകൾ പ്രത്യേക ആരാധനാ കേന്ദ്രങ്ങൾ ആക്കണമെന്നോ ആഗ്രഹസഫലീകരണങ്ങൾക്കായി അവിടേക്ക് തീർഥാടനം സംഘടിപ്പിക്കണമെന്നോ അവിടെ ഉറൂസുകൾ നടത്തണമെന്നോ ആരാണ് പഠിപ്പിച്ചത്? നാല് മദ്ഹബിന്റെ ഇമാമീങ്ങളടക്കമുള്ള അഹ്‌ലുസ്സുന്നയുടെ ഒരൊറ്റ പണ്ഡിതനും അതിനെ അനുകൂലിച്ചിട്ടില്ല എന്നത് അനിഷേധ്യമായ സത്യമാണ്. എന്നാൽ ഈ സത്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ടാണ് 'അന്നസീം' കുറിപ്പുകാരൻ തന്റെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കാൻ ശ്രമിച്ചത്.

മഹാന്മാരുടെ മഹത്ത്വങ്ങളും പ്രത്യേകതകളുമൊക്കെ പറഞ്ഞ ശേഷം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ എഴുതുന്നു: "ഇപ്പറഞ്ഞതൊന്നും അവരുടെ ക്വബ്റിന്റെയടുക്കൽ ചെന്ന് പ്രത്യേക കർമങ്ങൾ ചെയ്യുന്നതിനോ പ്രാർഥിക്കാൻ ഉദ്ദേശിച്ചോ നമസ്കാരം നിർവഹിക്കാനോ പ്രേരിപ്പിക്കുന്നില്ല. മറിച്ച് അവിടങ്ങളിൽ ഇബാദത്തുകൾ ലക്ഷ്യം വെച്ച് പോകുന്നതിൽ മതം വിലക്കിയ പല അപകടങ്ങളുമുണ്ട്" (ഇഖ്തിദാഉ സ്വിറാത്തിൽ മുസ്തക്വീം വാ:2, പേജ്: 255).

ഇബ്നുതൈമിയ(റഹി) തുടരുന്നു: "അവിടെവച്ച് ദുആ ചെയ്താൽ ഉത്തരം കിട്ടുമെന്നും അതിന് പ്രത്യേക മഹത്ത്വമുണ്ട് എന്നുമുള്ള വിശ്വാസം അവിടങ്ങളിലേക്ക് ലക്ഷ്യം വെച്ച് പോകാൻ നിർബന്ധിച്ചേക്കും. ചിലപ്പോൾ അവിടങ്ങളിൽ ധ്യാനസംഘങ്ങൾ പ്രത്യേക സമയങ്ങളിൽ ഒത്തുകൂടുകയും ചെയ്യും. ഇതുതന്നെയാണ് നബിﷺ വിലക്കിയത്. അവിടുന്ന് പറഞ്ഞു: 'എന്റെ ക്വബ്റിനെ നിങ്ങൾ ആഘോഷസ്ഥലമാക്കരുത്.' 'ജൂത-ക്രിസ്ത്യാനികളെ അല്ലാഹു ശപിക്കട്ടെ! അവർ അവരുടെ അമ്പിയാക്കന്മാരുടെ ക്വബ്റുകളെആരാധനാലയങ്ങളാക്കി" (ഇഖ്തിദാഅ് 2/255).

ആർക്കുവേണ്ടിയാണ് ഇവർ ദീനിന്റെ പേരിലും പണ്ഡിതന്മാരുടെ പേരിലും ഇത്തരം കൈക്രിയകളുംതിരിമറികളും നടത്തുന്നത്? അല്ലാഹു പറഞ്ഞത് എത്ര സത്യം!

"സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളംപേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു..." (ക്വുർആൻ 9:34).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 179


**ഒന്നാം സമ്മാനം:**
Ameen P.K, Kadavathur, Kannur

**രണ്ടാം സമ്മാനം:**
Raihana Ibrahim, Hosangadi, Karnataka

**മൂന്നാം സമ്മാനം:**
Muhammed Aslam, Sharjah

മുഹമ്മദ് സ്വാദിഖ് മദീനി
sadikhtp@gmail.com







# ഇസ്‌ലാമിന്റെ സവിശേഷതകൾ

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. വിവിധ ഭാഷകളിലും ആചാരമര്യാദകളിലും ജീവിക്കുന്ന അവർ പലരൂപത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികളും കുടുംബങ്ങളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ശാന്തമായ പ്രയാണത്തിന് നിയമങ്ങളും മാർഗരേഖകളും അനിവാര്യമാണ്. അവ പാലിക്കപ്പെടുമ്പോഴാണ് ശക്തവും സംഘടിതവുമായ ഒരു ജനത രൂപപ്പെടുന്നത്.

മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട നിയമങ്ങൾ സർവരാലും സുസമ്മതമായിത്തീരുകയോ സാർവകാലികവും സാർവജനീനവുമായി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇന്നലെകളിൽ സുന്ദരമായി അംഗീകരിക്കപ്പെട്ടിരുന്ന തത്ത്വങ്ങൾ പലതും ഇന്ന് ചരിത്രാവശിഷ്ടമായിത്തീരുന്നത് നാം കാണുന്നു.



മനുഷ്യേന്ദ്രിയങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ട് എന്ന യാഥാർഥ്യം അംഗീകരിക്കുന്നതോടൊപ്പം മനുഷ്യ ബുദ്ധിയുടെ അതിരുകളും ഇത് നമ്മെ അറിയിക്കുന്നു. ചിലർക്ക് സദാചാരമായിത്തീരുന്നത് മറ്റു ചിലർക്ക് ദുരാചാരമായി കാണേണ്ടിവരുന്നു. ചില ദേശക്കാർക്ക് അനുകൂലമായ കാര്യങ്ങൾ മറ്റുചിലർക്ക് പ്രതികൂലമായിത്തീരുന്നു. കഴിഞ്ഞകാല നിയമസംഹിതകൾ ഇന്ന് പലപ്പോഴും അരോചകമായി നമുക്ക് തോന്നുന്നു. മനുഷ്യബുദ്ധിക്ക് എത്രതന്നെ വികാസം സംഭവിച്ചാലും ഇത്തരം പരിമിതികളിൽ നിന്നും പുറത്തുപോകാനാവില്ല. എങ്കിൽ സ്ഥലകാലങ്ങൾക്ക് അതീതമായവന്റെ ആജ്ഞാനിർദേശങ്ങൾ അനിവാര്യമാണെന്ന് നാം അംഗീകരിക്കേണ്ടി വരുന്നു.

മനുഷ്യോൽപത്തിയെ സംബന്ധിച്ച് മനുഷ്യൻ മെനഞ്ഞെടുത്ത ഡാർവിൻ സിദ്ധാന്തം ഇന്ന് ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു. ആദമിന്റെയും ഹവ്വായുടെയും സന്താനപരമ്പരകളാണ് ഭൂമുഖത്ത് ജീവിക്കുന്നത് എന്ന മതസിദ്ധാന്തമാണ് ശരിയായ ചിന്ത. സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് അവരെ പറഞ്ഞയക്കുമ്പോൾ തങ്ങളുടെ മുൻതറവാട്ടിലേക്ക് തന്നെ എത്തിച്ചേരണമെങ്കിൽ അല്ലാഹുവിൽ നിന്നുള്ള മാർഗദർശനം സ്വീകരിക്കേണ്ടതുണ്ട് എന്ന് അല്ലാഹു അവരെ അറിയിച്ചിരുന്നു. അല്ലാഹു പറയുന്നു:

“നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (ക്വുർആൻ 2:38).

ജനങ്ങളെ സൻമാർഗത്തിലേക്ക് വഴിനടത്തുവാനായി അല്ലാഹു പ്രവാചകന്മാരെയും നിയോഗിക്കുകയും വേദഗ്രന്ഥം നൽകുകയും ചെയ്തു. പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് ഇസ്‌ലാമായിരുന്നു. ജനങ്ങൾ സ്വർഗപാതയിൽ നിന്ന് വ്യതിചലിക്കുകയും അഭിപ്രായവ്യത്യാസത്തിൽ ആയിത്തീരുകയും ചെയ്തപ്പോഴാണ് പ്രവാചകന്മാരെ അയച്ചത്. അല്ലാഹു പറയുന്നു:

“മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു” (ക്വുർആൻ 2:213).

എല്ലാ പ്രവാചകന്മാരും മുസ്‌ലിംകളും അവരുടെ പ്രബോധനം ഇസ്‌ലാമുമായിരുന്നു. അല്ലാഹു പറയുന്നു: അവർക്കിടയിൽ കർമാനുഷ്ഠാനങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അടിസ്ഥാനവിഷയങ്ങൾ ഒന്ന് തന്നെയായിരുന്നു. അല്ലാഹു പറയുന്നു:

“(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ച് തന്നതനുസരിച്ച് വിധികൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപോകരുത്. നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷെ നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുവാൻ (അവൻ ഉദ്ദേശിക്കുന്നു). അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ

ഭിന്നിച്ചിരുന്ന വിഷയങ്ങളെപ്പറ്റി അപ്പോളവൻ നിങ്ങൾക്ക് അറിയിച്ച് തരുന്നതാണ്" (ക്വുർആൻ 5:48).

മുൻവേദ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട, സകല പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും ശക്തിപ്പെടുത്തുകയും ചെയ്ത മുഹമ്മദ് നബിﷺ അന്തിമദൂതനായി നിയോഗിതനായി. അതോടുകൂടി ഇസ്‌ലാമിനെ പൂർത്തീകരിക്കുകയും ഇസ്‌ലാമല്ലാത്ത മതം അസ്വീകാര്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

മുൻവേദ ഗ്രന്ഥങ്ങളും പ്രവാചകന്മാരും നിശ്ചിത സമയത്തേക്കോ ഏതെങ്കിലും സ്ഥലത്തേക്കോ സമൂഹത്തിലേക്കോ മാത്രം പരിമിതമായിരുന്നുവെങ്കിൽ മുഹമ്മദ് നബിയാൽ സമാപ്തി കുറിച്ച ഇസ്‌ലാം സർവലോകർക്കുമുള്ള സന്ദേശവും വിശുദ്ധ ക്വുർആൻ എല്ലാ കാലത്തേക്കുമുള്ള ജീവിതരേഖയുമായി. അല്ലാഹു പറയുന്നു:

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (ക്വുർആൻ 34:28).

അല്ലാഹു പറയുന്നു: "ഇത് മനുഷ്യർക്ക് വേണ്ടി വ്യക്തമായ ഒരു ഉൽബോധനമാകുന്നു. ഇതു മുഖേന അവർക്കു മുന്നറിയിപ്പ് നൽകപ്പെടേണ്ടതിനും അവൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് അവർ മനസ്സിലാക്കുന്നതിനും ബുദ്ധിമാൻമാർ ആലോചിച്ച് മനസ്സിലാക്കുന്നതിനും വേണ്ടിയുള്ള (ഉൽബോധനം)" (ക്വുർആൻ 14:52).

### പ്രമാണങ്ങളുടെ സുരക്ഷിതത്വം

നിശ്ചിതകാലത്തേക്കും സ്ഥലത്തേക്കും മറ്റും പരിമിതമായിരുന്ന മുൻവേദങ്ങളിൽ അവയുടെ അനുയായികൾ മുഖേന മാറ്റത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളിലും സംഭവിച്ചു. അല്ലാഹു പറയുന്നു:

"എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (ക്വുർആൻ 2:79).

എന്നാൽ വിശുദ്ധ ക്വുർആൻ അത്തരം കൈകടത്തലുകൾക്ക് അതീതമാണ്. വിശുദ്ധ ക്വുർആനിന്റെ സംരക്ഷണം അല്ലാഹുതന്നെ ഏറ്റെടുത്തിരിക്കുന്നു. അല്ലാഹു പറയുന്നു:

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ക്വുർആൻ 15:9).

"തീർച്ചയായും അതിന്റെ (ക്വുർആനിന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു" (ക്വുർആൻ 75:17-19).

ക്വുർആനിന്റെ വിവരണമായ പ്രവാചകന്റെ ജീവിതചര്യ സ്വഹാബിമാരുടെ കാലം മുതൽ ജനഹൃദയങ്ങളിൽ മനഃപാഠമായും എഴുതി രേഖപ്പെടുത്തിയും സൂക്ഷിക്കപ്പെട്ടു. പിന്നീട് സ്വീകാര്യയോഗ്യമായ ഹദീഥും ദുർബലമായ ഹദീഥും തിരിച്ചറിയുവാനുള്ള മാനദണ്ഡം തയ്യാറാക്കപ്പെടുകയും ചെയ്തു.

ക്വുർആൻ അല്ലാഹുവിൽ നിന്നുള്ളതാണ് എന്നത് പോലെതന്നെ ദിവ്യബോധനത്തിന്റെ (വഹ്‌യിന്റെ) അടിസ്ഥാനത്തിൽ സംസാരിക്കുന്ന നബിﷺയുടെ ചര്യയാകുന്ന ഹദീഥുകളും മതത്തിന്റെ പ്രമാണമാണ്.



നിസ്സാരമായി ജനങ്ങൾ കണക്കാക്കുന്ന കാര്യങ്ങൾ മുതൽ ഗൗരവമായ വിഷയങ്ങളിൽ വരെ അല്ലാഹുവിന്റെ ദിവ്യബോധനം അനുസരിച്ചുള്ള നിയമങ്ങൾ ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതാണ്. കുടുംബപരവും സാമൂഹികവും വൈയക്തികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കാര്യങ്ങൾ മുതൽ ഇതരജീവികളോട് അനുവർത്തിക്കേണ്ട കാര്യങ്ങൾ വരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. യുദ്ധത്തിലും സമാധാനത്തിലും സന്ധിയിലും കൈക്കൊള്ളേണ്ട നിയമങ്ങൾ അതിൽ ഉണ്ട്.



അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു" (ക്വുർആൻ 16:90).

അന്തിമ പ്രവാചകനെ സംബന്ധിച്ച് മുൻവേദങ്ങളിൽ വന്ന വിശേഷണമായി ക്വുർആൻ പറയുന്നു: "(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ 7:157).

## ഉൾക്കൊള്ളാൻ കഴിയുന്ന നിയമങ്ങൾ

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന കാര്യങ്ങളിൽ ഒന്നുപോലും മനുഷ്യന് ഉൾക്കൊള്ളാൻ കഴിയാത്തതായി ഇല്ല. മതം വിരോധിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നല്ലതാണെന്നോ ഇസ്‌ലാം അംഗീകരിച്ച കാര്യങ്ങളിൽ കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് മോശമാണെന്നോ ഒരാൾക്കും പറയാൻ സാധ്യമല്ല.

ബുദ്ധിയെ ഉണർത്തുന്ന ചിന്താവിഷയങ്ങൾ ക്വുർആൻ പ്രതിപാദിക്കുന്നു. അത് ശാസ്ത്രഗ്രന്ഥമല്ലെങ്കിലും അതിൽ ശാസ്ത്രീയമായ കാര്യങ്ങളുണ്ട്. ആധുനികശാസ്ത്രം കണ്ടുപിടിച്ച പല കാര്യങ്ങളും നിരക്ഷരനായ പ്രവാചകനിലൂടെ അവതീർണമായ ക്വുർആനിൽ കാണാൻ കഴിയുന്നു എന്നതുതന്നെ അതിന്റെ ദൈവികതയെ അറിയിക്കുന്നു.

യാത്രക്കാർ, രോഗികൾ, വൃദ്ധന്മാർ, ആർത്തവ, പ്രസവ രക്തമുള്ള സ്ത്രീകൾ എന്നിവർക്കെല്ലാം ആരാധനകളിൽ ഒഴിവുകഴിവുകൾ നൽകി ഇസ്‌ലാം പ്രായോഗികമായി നിലകൊള്ളുന്നു.

### മനഃസമാധാനം നൽകുന്ന മതം

ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ മനസ്സിന് ആശ്വാസം നൽകുന്നു. എല്ലാം കാണുന്നവൻ, എല്ലാം കേൾക്കുന്നവൻ, എല്ലാത്തിനും കഴിവുള്ളവൻ... തുടങ്ങിയ അല്ലാഹുവിന്റെ നാമങ്ങളും; ഹൃദയമന്ത്രം അറിയുന്നവൻ, കട്ടുനോട്ടങ്ങൾ കാണുന്നവൻ തുടങ്ങിയ ഗുണങ്ങളുമുള്ള അല്ലാഹുവിനെക്കുറിച്ചുള്ള ഓർമ മനുഷ്യമനസ്സിന് സമാധാനം നൽകുന്നു. തിന്മകളിൽനിന്ന് അകലാനും നന്മയിലേക്ക് അടുക്കാനും പ്രേരണ നൽകുന്നു.

മരണാനന്തരജീവിതവും സ്വർഗനരകങ്ങളും അന്ത്യനാളിലെ അതിഭീകരമായ സംഭവങ്ങളും മനുഷ്യമനസ്സിനെ നന്നാക്കുവാൻ സാധിക്കുന്നു. ജീവിതമാസകലം പരീക്ഷണമാണെന്നും ക്ഷമയും സഹനവും അനിവാര്യമാണെന്നും സർവകാര്യങ്ങളും അല്ലാഹു മുൻകൂട്ടി അറിയുകയും അത് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നുവെന്ന വിധിയിലുള്ള വിശ്വാസം ഏത് പരീക്ഷണങ്ങളിലും പതറാതെ പിടിച്ചു നിൽക്കാൻ വിശ്വാസിയെ സഹായിക്കുന്നു.

എല്ലാ പാപങ്ങളും പൊറുക്കുന്നവനായ അല്ലാഹുവിനെ ഒരു പാപി പരിചയപ്പെടുമ്പോൾ റബ്ബിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് ജീവിതം നന്നാക്കുവാൻ അവന് കഴിയുന്നു. കഠോരമായി ശിക്ഷിക്കുന്നവനാണ് അല്ലാഹു എന്ന ബോധം പാപിയെ പശ്ചാത്തപിച്ച് മടങ്ങുവാനും സൽകർമങ്ങൾ ചെയ്യുവാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മാതാപിതാക്കൾ, മക്കൾ, ഭാര്യ, ഭർത്താവ്, സഹോദരങ്ങൾ, കുടുംബങ്ങൾ, അയൽവാസികൾ... ഇങ്ങനെ സർവരോടും നന്മചെയ്യുവാൻ ഇസ്‌ലാം നിർദേശിക്കുന്നു. അല്ലാഹു പറയുന്നു: "നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകൻമാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കന്നും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിന്നും നൽകുകയും, പ്രാർഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമകൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്നു സത്യംപാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ" (ക്വുർആൻ 2:177).

മാതാപിതാക്കൾ മുസ്‌ലിംകളല്ലെങ്കിൽ പോലും ഭൗതികമായ നന്മകൾ അവർക്കായി ചെയ്യണമെന്ന് അല്ലാഹു പറയുന്നു:

"നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾപ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (ക്വുർആൻ 31:15).

തീവ്രതയില്ലാത്ത മധ്യമസരണിയാണ് ഇസ്‌ലാമിന്റെ ആദർശം. യുദ്ധരംഗത്ത് പോലും അനീതിചെയ്യാൻ പാടില്ല എന്ന് മതം നിർദേശിക്കുന്നു. അല്ലാഹു പറയുന്നു:

"...മസ്ജിദുൽ ഹറാമിൽ നിന്ന് നിങ്ങളെ തടഞ്ഞു എന്നതിന്റെ പേരിൽ ഒരു ജനവിഭാഗത്തോട് നിങ്ങൾക്കുള്ള അമർഷം അതിക്രമം പ്രവർത്തിക്കുന്നതിന്ന് നിങ്ങൾക്കൊരിക്കലും പ്രേരകമാകരുത്. പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു" (ക്വുർആൻ 5:2).

നബിﷺ പറഞ്ഞു: "അറിയുക പരിധി ലംഘിച്ച് തീവ്രത കാണിക്കുന്നവർ നശിച്ചിരിക്കുന്നു.' നബിﷺ മൂന്ന് തവണ ആവർത്തിച്ചു" (അബൂദാവൂദ്).

മനുഷ്യകർമങ്ങൾ ആത്മാർഥമായി അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടായിരിക്കണമെന്നും പുറംപൂച്ചും ലോകമാന്യതയും പാപമാണെന്നും തിന്മകളെ നിസ്സാരമായി ഗണിക്കരുതെന്നും മതം നിർദേശിക്കുന്നു.

കാരുണ്യവാനും പാപങ്ങൾ പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനുമായ അല്ലാഹു മനുഷ്യന്റെ ഇഹപര രക്ഷക്ക് ആവശ്യമായ എല്ലാ നിയമങ്ങളും നിർദേശങ്ങളും നൽകിയിട്ടുണ്ട് എന്ന് സാരം.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# പൂക്കാൻ മടിക്കാത്ത ചില്ലകൾ

പുറത്ത് മഴ തകർത്തുപെയ്യുന്നുണ്ട്. വെള്ളം കുത്തിയൊലിച്ച് ഒരു ചെറു പുഴയായി മുറ്റത്തും റോഡിലും ഒഴുകുന്നു. സുഹൃത്ത് പൂമുഖത്ത് ആലോചനയിൽ മുഴുകിയിരുന്നു.

ജൂൺ മാസം ആകുമ്പോഴേക്കും കുട്ടികൾക്ക് പഠിക്കാൻ ബുക്കും സ്ലേറ്റും പേനയും പെൻസിലും ബാഗും കുടയും അടക്കം എത്തിക്കാറുണ്ട്. ഇത്തവണ ഓൺലൈൻ ക്ലാസ്സ് ആയതുകൊണ്ട് കുടയും ബാഗും ഉടനടി ആവശ്യമില്ല, എന്നാൽ ബുക്കും പെന്നും വേണം. ബുക്കിന് വലിയ വിലയാണ്, മൂന്നു നാല് കുട്ടികൾ പഠിക്കാനുള്ള വീട്ടിൽ അതിന് തന്നെ വലിയ ചെലവുണ്ട്. പണിയില്ല, വരുമാനമില്ല എന്ന് പറഞ്ഞു രക്ഷിതാക്കൾ വിളിക്കുന്നു. 520 ഓളം കുട്ടികളുടെ പഠനചെലവാണ് സുഹൃത്തും കൂട്ടുകാരും വഹിക്കുന്നത്.

പതിവായി സഹായിക്കുന്നവർ കച്ചവടം കുറഞ്ഞു നഷ്ടത്തിലാണ്. ജോലിക്കാർക്ക് എങ്ങനെ ശമ്പളം കൊടുക്കും എന്ന ആശങ്കയിലാണ്. ജോലിക്കാർക്ക് കൂലി കൊടുക്കാൻ ആസ്തി വളരെ വിലകുറച്ച് വിറ്റു ചിലർ. ചിലർ വിദേശത്ത് കുടുങ്ങിക്കിടക്കുന്നു. മൊത്തം ആശങ്ക. കോവിഡ് ലോകത്തെ മൊത്തം കരയിപ്പിക്കുകയാണ്.

പ്രതിമാസം പലചരക്ക് സാധനങ്ങൾ വാങ്ങാൻ കുടുംബങ്ങൾക്ക് കൊടുക്കുന്ന റേഷൻ രണ്ട് മാസം ഒഴിവാക്കി എങ്ങനെയെങ്കിലും പഠനസഹായം ചെയ്താലോ എന്ന ആലോചനയിലാണ് സുഹൃത്ത്. സർക്കാരും സന്നദ്ധ സംഘടനകളും സഹായിക്കുന്നതുകൊണ്ട് പട്ടിണി ഇപ്പോൾ കുറവാണല്ലോ.

മകൻ അടുത്ത് വന്നു. പുസ്തകവും പേനയും കൊണ്ടുപോയി വിതരണം ചെയ്യാൻ അവനും ഉണ്ട് എന്ന് പറഞ്ഞു. എല്ലാ കൊല്ലവും സ്കൂൾ തുറക്കുന്നതിന് മുമ്പുള്ള ദിവസങ്ങൾ വീട് കടപോലെയാവും. ബുക്കും പെന്നും കുടയും മറ്റും ബാഗിലാക്കുയും ഓരോ പ്രദേശത്തേക്കുള്ളത് മാറ്റി വയ്ക്കുകയും ചെയ്യുന്ന തിരക്ക്. എന്നാൽ ഇത്തവണ അതൊന്നും കാണുന്നില്ല. 'കാശ് ഇല്ലെടോ' എന്ന് അദ്ദേഹം പറഞ്ഞു. ഒന്നാലോചിച്ച് മോൻ പറഞ്ഞു, പെന്നും പെൻസിലും വാങ്ങാൻ പണം അവൻ കൊടുക്കാം എന്ന്. സുഹൃത്തിന് സന്തോഷവും സങ്കടവും ഒന്നിച്ച് വന്നു.

പ്രായംകൊണ്ടും ശരീരംകൊണ്ടും മുതിർന്നുവെങ്കിലും മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവനാണ് മോൻ. അവന് കിട്ടിയ നാലഞ്ച് മാസത്തെ സർക്കാർ പെൻഷൻ തുക കൊടുക്കാം എന്നാണ് അവൻ പറയുന്നത്. ആറായിരത്തിൽ കൂടുതലുണ്ട് തുക.

സുഹൃത്ത് ചില സ്ഥലങ്ങളിലേക്ക് പഠന സാമഗ്രികൾ വിതരണം ചെയ്യാൻ മോനെയാണ് സ്ഥിരം ഓട്ടോറിക്ഷക്കാരനായ സുഹൃത്തിനെ കൂട്ടി അയച്ചിരുന്നത്. അവനെ സന്തോഷിപ്പിക്കാൻ ചില സ്കൂളുക ളിലേക്ക് കൊടുക്കുന്ന പഠനസാമഗ്രികളുടെ വിതരണ ചടങ്ങ് അവനെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാ റുണ്ടായിരുന്നു.

അവൻ ഒരു പേന പ്രേമിയാണ്. നല്ലൊരു ശേഖരമുണ്ട്. അവൻ ഏറെ ഇഷ്ടപ്പെട്ട ഒരു പേന ടീച്ചർ എഴുതാൻ വാങ്ങി മടക്കിക്കൊടുക്കാൻ മറന്ന കഥ പങ്കുവച്ചത് ഓർമ വരുന്നു. മടി കാരണം അവൻ തിരികെ ചോദിച്ചില്ല. വീട്ടിലെത്തിയപ്പോൾ ആ പേന വേണം എന്ന് വാശി. കടയിൽ പോയപ്പോൾ ആ തരം പേന ഇല്ല. ഒടുക്കം സുഹൃത്ത് അവനെയും കൊണ്ട് സ്കൂട്ടറിൽ കിലോമീറ്ററുകൾ യാത്ര ചെയ്ത് വാങ്ങിക്കൊടുത്തപ്പോഴാണ് അവന് സമാധാനം ആയത്.

എണ്ണം കുറഞ്ഞാലും എല്ലാവർക്കുമുള്ള സാധനങ്ങൾ ഒരുമിച്ച് വാങ്ങാനും വിതരണം ചെയ്യാനും പണവും സാഹചര്യവും സമ്മതിക്കാത്തതിനാലും അത്യാവശ്യക്കാർക്ക് പഠന സാധങ്ങൾ വിതരണം ചെയ്യാനുള്ള തീരുമാനമെടുത്തു സുഹൃത്ത്. വിതരണം വൈകാതെ തുടങ്ങും, സംശയിക്കേണ്ട മോൻ മുമ്പിലുണ്ടാകും. നന്മ മരങ്ങളുടെ ശിഖരങ്ങൾക്ക് പൂക്കാതിരിക്കാനാവില്ല. മഴ ക്ഷീണിച്ചിരിക്കുന്നു. ആശ്വാസത്തിന്റെ ചാറ്റൽ മാത്രമെയുള്ളൂ. ഇളം വെയിൽ കൂടെയുണ്ട്. ഈ കാലവും കടന്ന് പോകും.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JUNE 27

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

/greenvalleycampus

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8**
**(boys only )**

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**